# മലരും മധുവും



സിസ്റ്റർ ക്രൂസിഫിക്സ്

# മലരും മധുവും

(Malayalam)

MALARUM MADHUVUM

(Poems)

By Sr. M. CRUCIFIX

Price Rs. 2-50

First Edition June 1976

Copyright reserved by the Publishers

Printed at:

Udaya Press, Kottayam

Published by the Author

Distributors:

The Vidyarthi Mithram Book Depot,
H. O. Baker Road, Kottayam-1.

Brs. K. K. Road, Kottayam,
Hospital Road, Calicut,
Robinson Road, Palghat.
Press Club Road, Ernakulam.

1000

# മലരും മധുവും

(കവിതകൾ)

5881

ഗ്രന്ഥകർത്രി

**സിസ്റ്റർ എം ക്രൂസിഫിക്സ്**

**വില 2–50**

വിതരണം

**വിദ്യാർത്ഥിമിത്രം പ്രസ്സ് & ബുക്ക്ഡിപ്പോ;**

**ബേക്കർറോഡ് : : : കോട്ടയം.**

MAIO

# മലരും മധുവും


1. ചരിത്രം സൃഷ്ടിച്ച കല്യാണാഘോഷം
2. കാർമ്മൽ—'ദൈവത്തിൻെറ തോട്ടം'
3. അമ്മയോട്
4. സ്വർഗ്ഗം കണ്ട ചെററക്കുടിൽ
5. പ്രേമഗീത
6. ലിസ്യുവിലെ 'ചെറുപുഷ്പം'
7. അമൃതധാര
8. ആററുവക്കത്ത്
9. പ്രകാശം
10. മാടി വിളിക്കുന്നു
11. പ്രേതമഞ്ചത്തിൽനിന്നും
12. മോഷ്ടാവ്
13. പെസഹാത്തിരുനാൾ
14. അജ്ഞാതവിദ്യാലയം
15. വെള്ളക്കുഴിയിലെ വെള്ളിത്താരം
16. 'ജോഡാ'
17. മുക്കുവത്തോണിയിലെ മത്സ്യോത്സവം
18. വനിതാസോളമൻെറ മുദ്രാവാക്യം
19. ഉദിച്ചു....ഉയർന്നു........അസ്തമിച്ചു

# സമർപ്പണം

വിദ്യാൎത്ഥികളിൽ ലീനമായിക്കിടന്നു കഴിവുകരം പുലർത്തുന്നതിലുള്ള പരിശ്രമത്തിൽ, എന്നിലും ഒളിഞ്ഞു കിടന്ന ചില വാസനകരം തെളിഞ്ഞു. അങ്ങനെ പ്രകാശം കണ്ടതാണു് 'കളിവഞ്ചി.' പക്ഷേ, ആരെങ്കിലും അതു് 'തുഴഞ്ഞാ'നന്ദിക്കുന്നതു് കാണുന്നതിനോ, കേരംക്കുന്നതിനോ, അതിൻെറ നിൎമ്മാണത്തിൽ വന്ന പാകപ്പിഴകരം എന്തെല്ലാമെന്നു് ഗ്രഹിക്കുന്നതിനോ സമയം ലഭിക്കാതെയാണു്, ജന്മനാടിനോടു്, എനിക്കു വിടവാങ്ങേണ്ടി വന്നതു്. കളിവഞ്ചി പ്രസിദ്ധം ചെയ്യുന്നതിനുമുൻപു്, 'മലരും മധുവും, വെളിച്ചം കാണണം എന്നു് ആത്മാൎത്ഥതനിറഞ്ഞ ചില പണ്ഡിത സുഹൃത്തുക്കരം അഭിപ്രായപ്പെട്ടെങ്കിലും, എനിക്കതിനു് സമയസൗകര്യം ലഭിച്ചില്ല. ഖേദമുണ്ടു്.

വീടുവിട്ടു്, നാടുവിട്ടു് ഒരു മിഷ്യനറിയാകുവാനുള്ള ആഗ്രഹം, ബാല്യം മുതൽ എന്നിൽ അങ്കുരിച്ചതാണെങ്കിലും, യൗവ്വനം കടന്നു് വാർദ്ധക്യത്തിലേയ്ക്കു നീങ്ങുമ്പോഴാണു് സഫലീകൃതമാകുന്നതു്. ഒരു ചെറുഭവനം, മൂന്നു കൎമ്മലസുതർ! ഞങ്ങളുടെ പ്രവർത്തനരംഗം 'ജോഡാ'യാണു്. പ്രകൃതിരമണീയമായ നിരവധി കുന്നുകരം നിരന്നു നിറയുന്നു. ഇവിടെയെല്ലാം ഭൂദേവി ഇരുമ്പു നിക്ഷേപിച്ചിട്ടുണ്ടു്. നിർലോഭമായി. മഴയുടെ അഭാവത്താൽ വിസ്തൃതവും, ഏതാണ്ടു വിജനവുമായ ഈ ഭൂഭാഗം അത്ര ഫലഭൂയിഷ്ഠമല്ല. നല്ല റോഡുകളോ, ജീവിത സൗകര്യങ്ങളോ, എത്തിനോക്കിയിട്ടുപോലുമില്ല ഈ കുററിക്കാട്ടിൽ. ഭാര

ത്തിൻെറ എല്ലാ സ്റ്റേററുകളിലും നിന്നു അഭ്യസ്തവിദ്യരും സംസ്ക്കാരസമ്പന്നരുമായ യുവതിടമ്പുകൾ 'ററിസ്ക്കോ' യിൽ ഉയൎന്ന ഉദ്യോഗത്തിൽ കഴിയുന്നു. പാടായ എല്ലാ സൗകൎയ്യങ്ങളും ഇണക്കി, കമ്പനി അവരുടെ ജീവിതം ആനന്ദപ്രദമാക്കുന്നുണ്ടു്. പക്ഷെ, പട്ടിണിപ്പാവങ്ങളും, വിദ്യാവിഹീനരുമായ ആദിവാസികൾക്കു്, ഈ ഖനനകേന്ദ്രങ്ങളിലെങ്ങും അധികം കയറിപ്പററുവാൻ സാധിച്ചിട്ടില്ല. കേരളത്തിലേ ഏതൊരു ഓണംകേറാമൂലയിലുള്ളവരുടേതിനേക്കാൾ താണതാണു് അവരുടെ ജീവിതം. ആശുപത്രികളും വിരളമാണു്. മരം കോച്ചുന്ന തണുപ്പിലും, പൊരിയുന്ന വെയിലിലും കൂടി, അവർ മേയ്ക്കുന്ന ആടുമാടുകൾക്കു തുല്യം അവരും നീങ്ങുന്നു. അദ്ധ്വാനശീലരും സേവനനിരതരുമായ ധാരാളം പുത്രി പുത്രന്മാരെ, മിഷ്യനറിമാരായി നമ്മുടെ പ്രിയപ്പെട്ട കേരളം ഈ നാടുകൾക്കു് സമൎപ്പിച്ചിട്ടുണ്ടു്. വിസ്തൃതിയിൽ കേരളം വളരെ ചെറുതാണെങ്കിലും അവളുടെ സൗന്ദൎയ്യവും, ഐശ്വൎയ്യവും, മഹിമയും അവിടം വിട്ടുകഴിയുമ്പോളെ ഗ്രഹിക്കയുള്ളു.

വിദ്യാ, സംസ്കാരാദികളിൽ അവൾ എത്ര മുൻപന്തിയിലാണു്! എത്രയെത്ര നയനാനന്ദ ദൃശ്യങ്ങളാണു് മനോമുകുരത്തിൽ ഉയൎന്നുവരുന്നതു്! ഫല, പുഷ്പ, വൃക്ഷലതാദികളാൽ സദാ സമലംകൃതമായ കുന്നുകൾ തിങ്ങിയ മലനാടും, കൃഷി വ്യവസായാദികളാൽ ഉയൎന്നുവരുന്ന ഇടനാടും ഇളംതെന്നലിൽ ചാഞ്ചാടുന്ന നെന്മണിത്തൊത്തുകൾ നിറഞ്ഞ വിശാല പുഞ്ചപ്പാടങ്ങളും, അവയ്ക്കു പച്ച മുത്തുക്കുട ചൂടുന്ന നാളികേരത്തോപ്പുകളും ഇടകലൎന്ന തീരപ്രദേശവും; ബോട്ടുകൾ ചീറിപ്പായുന്ന മത്സ്യസമൃദ്ധമായ ആറും, തോടും, കായലും, സഞ്ചാരസൗകൎയ്യമുള്ള നല്ല റോഡുകളാൽ കോൎത്തിണക്കിയ നിരവധി അഴകൊഴുകുന്ന പട്ടണങ്ങളും, പ്രശാന്തത കളിയാടുന്ന നാട്ടിൻപുറങ്ങളും,

നക്ഷത്രതുല്യം എങ്ങും തെളിഞ്ഞുനില്ക്കുന്ന സ്കൂൾ, കോളജ്, ഹോസ്റ്റൽ, ആശുപത്രികളാദിയായ മണിമന്ദിരങ്ങളും മററുംകൊണ്ട് അണിഞ്ഞൊരുങ്ങി നില്ക്കുന്ന പ്രിയപ്പെട്ട കേരളം എത്ര ഹൃദയഹാരിയാണ്! അനാവശ്യസ്ട്രൈക്കുകളും നശീകരണപ്രസ്ഥാനങ്ങളുംകൊണ്ട് അവൾക്കു കളങ്കം ചാർത്താതിരുന്നെങ്കിൽ! ഉയർച്ചയിലേയ്ക്കുള്ള അവളുടെ വാതായനങ്ങൾ അടച്ചുപൂട്ടാതിരുന്നെങ്കിൽ!! തകർച്ചയിലേയ്ക്ക് അവളെ തള്ളിമറിക്കാതിരുന്നെങ്കിൽ!!!

ആർക്കുവേണ്ടി ഞാൻ കളിവഞ്ചി ചമച്ചുവൊ, ആരുടെ പിഞ്ചുഹസ്തങ്ങളിൽ ഞാനതു സമർപ്പിച്ചുവോ; ആ പ്രിയ ശിഷ്യഗണങ്ങളുടെ അഭിനന്ദനങ്ങളും പേറിക്കൊണ്ട് ബാലതുലികാലേഖനങ്ങൾ പുറകെ പറന്നെത്തി ജോഡായിൽ 'മലരും മധുവും' കൂടികാണുവാൻ ചിലർ വെമ്പൽ കൊള്ളുകയാണ്. അതിൻെറ പണിക്കൂടി ഉടൻ പൂർത്തിയാക്കാമെന്നു കരുതിയിട്ട് ആണ്ടുകൾ മൂന്നു കഴിഞ്ഞു. പല ദളങ്ങളും നഷ്ടപ്പെട്ടു. അക്ഷീണപരിശ്രമംകൊണ്ടു ചലിച്ചുതുടങ്ങിയ തുലിക, ഈ വഴിവിട്ടാണ് ഇപ്പോൾ നീങ്ങാൻ നിർബന്ധിതയായിരിക്കുന്നതു്, അനുകൂലമല്ലാത്ത സാഹചര്യത്താൽ മലയാളം രുചിക്കുവാനോ, രസിക്കുവാനോ, ഈ നാട്ടിലാളില്ല. അങ്ങനെ അസൗകര്യങ്ങളുടെയും അപൂർണ്ണതകളുടേയും നടുക്കടലിലൂടെ നീന്തിത്തുടിച്ചാണ് 'മലരും മധുവും' വിടരുന്നതു്.

ഏതുകൊണ്ടുനോക്കിയാലും സരസ രസികരായ സാഹിത്യസഹജരെ ആനന്ദിപ്പിക്കുന്നതിനുള്ള കഴിവ് ഇതിനില്ല. ആ ഉദ്ദേശവുമല്ല എന്നെ പ്രേരിപ്പിച്ചതു്. ജീവിതഭാരവും പേറി, നാനാതരം ക്ലേശങ്ങളിൽ ചുടുകണ്ണീരിലും നെടുനിശ്വാസത്തിലും താഴുന്ന ചില പൂർവ്വവിദ്യാർത്ഥിനികളുടെ സഹനരംഗങ്ങളിലേയ്ക്ക്, നയനം നനയാതെ ഇറങ്ങിച്ചെല്ലുവാൻ എനിക്കു സാധിച്ചില്ല. പുതുപുഞ്ചി.

രിയും, നറുമലരും, പൂനിലാവും തൂകി അവരെ സ്വീകരിച്ച ജീവിതപന്ഥാവിൽ ഇന്നവർ കൈപ്പുനീരു കുടിക്കയാണ്. സഹിച്ചു മുന്നേറുന്ന ജീവിതം ശോഭനമാകുമെന്നു് ചിന്തിക്കുവാൻപോലും അവക്കു സാധിക്കുന്നില്ല. 'മലരും മധുവും' ആർക്കെങ്കിലും ആനന്ദവും നവജീവനും പകരുവാൻ സാധിച്ചാൽ ഞാൻ കൃതാർത്ഥയായി. ദൈവം എന്നിൽ നിക്ഷേപിച്ച തുച്ഛമായ കഴിവുകൊണ്ടു്, സഹജനു നന്മ ചെയ്തു് എന്റെ കടമ നിവ്വഹിച്ചു എന്നു ഞാൻ സമാധാനം കണ്ടെത്തട്ടെ.

സാഹിത്യവാസന എന്നിൽ പുലർത്തിയ ഏവർക്കും ഈ മിഷ്യനറിയുടെ പ്രാർത്ഥനാപൂർണ്ണമായ നന്ദി.

'കളിവഞ്ചി'യുടെ പ്രസിദ്ധീകരണം ഭംഗിയായി നിവ്വഹിച്ച വിദ്യാർത്ഥിമിത്രത്തിനു് അഭിനന്ദനങ്ങൾ നേരുന്നതോടൊപ്പം, സകലവിധഭാവുകങ്ങളും കൈവരട്ടെ എന്നു പ്രാർത്ഥിക്കുന്നു. 'മലരും മധുവും'കൂടി ആക്കരങ്ങളിൽ തന്നെ നന്ദിപൂർവ്വം ഏല്പിക്കുന്നു.

നമസ്കാരം,

Sr. M. Crucifix
St. Teresa's convent
Joda P. O.
Keonjhar Dt.
Orissa.

Orissa,
6-4-1976

# 1. ചരിത്രം സൃഷ്ടിച്ച കല്ല്യാണാഘോഷം

ശ്ലീലാഢ്യ മണിക്യ മാലയാം കാനായിൽ
ശ്രീലാസ്യ രംഗമാം ഗേഹമൊന്നിൽ
ബാലാർക്ക തേജസ്വിയാകും ഗൃഹേശന്റെ
ചേലാന്ന കല്യാണ ഘോഷമത്രെ.

മുററത്തു പന്തലിട്ടാകെ വിതാനിച്ചു
മുററും മനോഹര മോടികൂട്ടി;
ത്തു, നിലത്തങ്ങു നിവർത്തി വിരിച്ചു, നൽ
സൂനസമാന പരവതാനി;

റാന്തൽ വിളക്കുകൾ, കിങ്ങിണി ജാലങ്ങൾ
കാന്തി പരത്തിടും ഗ്ലോബുകളും
പന്തലിൽ പന്തിയായ് ത്തുക്കീനിരുപമ
ഗന്ധവും ദീപ്തിയും വീശിയെങ്ങും

പാട്ടുകാർ, കൊട്ടുകാർ, ഗായകർ, വീണകൾ
മീട്ടുവോർ ചാട്ടക്കാരോട്ടക്കാരും
കുട്ടിക്കരണം മറിയുവോരേവരും
കാട്ടുന്നു തങ്ങടെ സാമർത്ഥ്യങ്ങൾ.

പാനീയദ്രവ്യങ്ങൾ ഭക്ഷ്യവിഭവങ്ങൾ
നാനാപദാർത്ഥങ്ങൾ സംഭരിച്ചു.
വേണ്ടതുപോലവേ സദ്യ നടത്തുവാൻ
വേഗത്തിലൊക്കെയും സജ്ജമാക്കി.

ദൂരത്തും ചാരത്തുമുള്ളോരോബന്ധുക്കൾ
നേരത്തേ വന്നു സ്ഥലം പിടിച്ചു.
നീരാള കഞ്ചുക കങ്കണഭൂഷിതർ
നാരീജനത്തിൻ വിലാസങ്ങളും.

മുത്തശ്ശിമാരുടെ വ്യർത്ഥാലാപവും
വൃദ്ധർതൻ കാര്യാവിചാരങ്ങളും
കൈവള ചാർത്തിയ തോഴിമാർ ചൂഴററ

വൈവാഹിക സംഘ സംക്രമവും
കാനായ ബാലികമാരുടെ കല്യാണ
ഗാനാമൃതാലാപനിരതധരിയും
പിഞ്ചുകിടാങ്ങടെ കേളീവിലാസവും
തേഞ്ചോരും കൊഞ്ചൽ കളകളവും
ആകവെ് ചേൎന്നൊരു കല്യാണാഘോഷത്തിൻ
കോലഹലങ്ങളാണെങ്ങും ദൃശ്യം.
കാലക്കടലാസിൽ രേഖപ്പെടാതിതു
പോലെത്രമേളം കഴിഞ്ഞിരിപ്പൂ!
എന്നതുപോലിതും വന്നുഭവിച്ചേനെ
അന്നത്തെയത്ഭുതമില്ലാഞ്ഞെങ്കിൽ
തച്ചൻെറ പ്രച്ഛന്നരൂപത്തിൽ വന്നൊരു
സച്ചിദാനന്ദനും തന്മാതാവും
ഉൽകൃഷ്ടമായൊരു വൈവാഹവേളയിൽ
സൽക്കൎമ്മ ബദ്ധരായ് സംബന്ധിപ്പാൻ
സംഗതിയായത കല്യാണക്കാരനു്
സംഗതമായൊരു സൗഭാഗ്യമത്രെ!

## II

കല്ല്യാണ സദ്യ പൊടിപൊടിച്ചങ്ങനെ
നിർലോഭമായി നടന്നീടുമ്പോൾ
പെട്ടന്നു വീണങ്ങു തീൻ്റ പരിഹാസം
പൊട്ടിപ്പുറപ്പെട്ടമെന്നമട്ടായ്.
മാന്യാതിഥേയനപമാന ഭീതനായ്
നിന്നൊരു പോംവഴി കണ്ടിടാതെ
ആൎത്ഥരാം മാനവരൎത്ഥിച്ചില്ലെങ്കിലും
മാദ്ധ്യസ്ഥം മാതാവു നിൎവ്വഹിക്കും
അമ്മതന്നൎത്ഥനയാതൊന്നും തച്ചകൻ
ചിന്മയൻ തുള്ളുകയില്ല നൂനം.
നിത്യമാമീരണ്ടു സത്യങ്ങൾ ലോകർക്കു

നിസ്തുല്യം പ്രത്യക്ഷമാക്കിടുവാൻ
അന്നത്തെ കല്യാണം സംജാതമാക്കിയ
സന്ദർഭം സർവ്വേശൻ കൈ വരിച്ചു
കല്ല്യാണക്കാരൻെറ സങ്കടം കണ്ടപ്പോൾ
ഉള്ളിലനുകമ്പ പൂണ്ട മേരി.

സർവ്വാധിനാഥനാം പുത്രനിലുള്ള തൻ
ദുർവ്വാരസ്വാധീനം വ്യക്തമാക്കി.

ഓമൽക്കുമാരാ! ഇവർക്കില്ല വീഞ്ഞെന്നു്
മേരിയഭ്യർത്ഥന ചെയ്തു ചെമ്മേ.

അത്ഭുതം ചെയ്യുവാനുള്ളൊരു "സന്ദർഭം
ഇപ്പൊഴുതായില്ലെ"ന്നോതിനാഥൻ.
അല്പവും ഭഗ്നാശയാകാതാമാതാവു്
കല്പിച്ചു ഭൃത്യരൊടിപ്രകാരം
"എന്മകൻ നിങ്ങളോടെന്തുതാൻ കല്പിപ്പൂ
നന്മനസ്സോടതു ചെയ്‌വിൻ നിങ്ങൾ"
വാരിനിറച്ചേഴു കൽച്ചാറ വയ്ക്കുവാൻ
പാരിന്നധീശ്വരൻ കല്പനയായ്.
വെള്ളം നിറച്ചൊരാ കല്ലു ഭരണികൾ
ഉള്ളം തെളിഞ്ഞീശൻ വാഴ്ത്തിയപ്പോൾ
1*അത്ഭുതമജ്ജലമക്ഷണമാത്രയിൽ
നല്ലൊന്നു മുന്തിരിച്ചാറായ് മാറി.
അന്നങ്ങാ വാരിയെ വീഞ്ഞായ് പകർത്തിയോൻ
ഇന്നെങ്ങും 'വീഞ്ഞതിൽ' ചെയ്‌വതെന്തു്?
ക്രൂശിലൊഴുക്കിയ ശോണിതമാകുന്നി–
2*ങ്ങേശുവൾത്താരയിൽ ദ്രാക്ഷാരസം!
അഞ്ചപ്പമന്നാളിൽ വർദ്ധിപ്പിച്ചോനിന്നോ–
തഞ്ചൊരുമേനിയാക്കുന്നീയപ്പം.
ഈശ്വരാ! നിൻമറിമായങ്ങളോരോന്നും
പാരിനഗ്രാഹ്യമാണോർത്താലെന്നും

ഒന്നിലും ചഞ്ചലം കൂടാതുറസ്സുവാൻ
മുന്നം നീ ചെയ്യല്ലീയത്ഭുതങ്ങൾ
3*'ബാലി'ൻെറ സങ്കല്പ ശക്തിയെവെന്നിട്ട
ന്നേലിയ ഹോമബലിയണച്ചു.
മേലിൽ നിന്നഗ്നിയാലീശൻ ദിഹിപ്പിച്ചി–
ട്ടാബലിയപ്പണം സ്വീകരിച്ചു.
അപ്പവും വീഞ്ഞും ബലിപീഠംതന്നിലി–
ന്നപ്പിക്കുന്ന നൃനം പാരിലാകെ.
ആവസിച്ചീടുന്നിന്നായതിലാണ്ടവൻ
വൈദീക ഹസ്തത്തിലെത്തിടുന്നു!
കണ്ണിനും നാവിനുമപ്പമാണെന്നെന്നും
വിണ്ണവർ നാഥനസാദ്ധ്യമെന്തു്?
ആശ്രയം തേടിയണയുന്ന മാനവ
ക്കാശ്വാസമേകുമീ ദിവ്യപൂപം
അന്ത്യമാമത്താഴം തന്നിൽ താനന്നേകി
4*സന്തതം താന്തക്കീശ്രേഷ്ഠനിധി.
അന്നങ്ങായൂദായിൽ മർത്ത്യരൂപത്തിലും

---

1* ബൈബിൾ വി. യോഹന്നാൻ അദ്ധ്യായം 2 വാക്യങ്ങൾ 7–8.

2* വി. യോഹന്നാൻ 6 അദ്ധ്യയം 4–13 വാക്യങ്ങൾ.

3* പലസ്ലീനായിൽ മഴയില്ലാതായപ്പോൾ ബാലിൻെറ ഭക്തർ പ്രാർത്ഥിച്ചു. ഫലിച്ചില്ല. ഏലിയ ഒരു ബലിപീഠമുണ്ടാക്കി, നനച്ചു. കാളയെകൊന്നു് യാഹോവാച്ചു ഹോമബലിയർപ്പിച്ചു. ആകാശത്തുനിന്നു് അഗ്നിയിറങ്ങിയതു ദഹിപ്പിച്ചു; ബലി, ഈശ്വരൻ സ്വീകരിച്ചു. മഴ.വർഷിച്ചു.

4* ബൈബിൾ വി. മത്തായി 26–ാം അദ്ധ്യായം 26–28 വാക്യങ്ങൾ.

ഇന്നിങ്ങീമന്നായിൽ ഗോപ്യനായും
മന്നിതിൽ വന്നേവം മാനവമാനസം
മന്നവമന്നവൻ തേടിടുന്നു.
ഉർവ്വിനിവാസികൾക്കേകണേ താവക—
നിർവ്യാജ സ്നേഹമാം വീഞ്ഞിന്നീശാ.

## 2. കാർമ്മൽ—"ദൈവത്തിന്റെ തോട്ടം."

### I

മദ്ധ്യധരണിതൻ തീരത്തുയരുന്ന
സുന്ദര 'കർമ്മല' പാലസ്റ്റീനിൽ
ദൈത്തിൻ തോട്ടമെന്നാദിമുതൽത്തന്നെ
ഭൂവാകെ പേരാണ്ടൊരീ മലയിൽ
ക്രിസ്തുവിൻ മുമ്പൊരു തൊള്ളായിരത്തോളം
അബ്ദങ്ങൾക്കപ്പുറമേക ധന്യൻ
ദൈവസ്നേഹത്താൽ ജ്വലിക്കുന്നോ'രേലിയ'
വൻതപം ചെയ്തുതൻ ശിഷ്യരുമായ്
മാരിനിലച്ചുയാലൊട്ടുനാൾ നാടെങ്ങും
ഘോരദുരിതങ്ങൾ കുന്നുകൂടി
ദുഷ്ടർക്കും, ശിഷ്ടർക്കുമാലംബം ഏലിയാ
അർത്ഥിച്ചു, കാർമുകിൽ ദൃശ്യമായി
ആയതിൽ കണ്ടവൻ രക്ഷകനേശുവിൻ
തായയാം മേരിതൻ സാദൃശ്യത്തെ
അന്നുമുതൽക്കവരമ്മയെ കർമ്മല
കുന്നിൽ വണങ്ങി വസിച്ചുപോന്നു.
കാലക്രമത്തിലി കർമ്മലർ വർദ്ധിച്ചു
ചേലിലൊരാശ്രമം സ്ഥാപിതമായ്.
സന്യസ്തജീവിതം പാരിതിൽ മൊട്ടിട്ടു
ധന്യരാം താപസർ യൂറോപ്പാകെ.

### II ഏതദ്ദേശീയകർമ്മല.

വേമ്പനാട്ടിനൊട്ടു തെക്കായി പമ്പാതൻ
സമ്പൽസമൃദ്ധി വിളമ്പും ദിക്കിൽ

'കൈനകരി'യെന്ന നീർക്കുഴിഗ്രാമത്തെ
മാനവരാരെന്നറിഞ്ഞിരുന്നു?
അങ്ങിങ്ങായോരോരോ വീടുകളുണ്ടെന്ന്
എങ്ങും ജലപ്പരപ്പാണു ദൃശ്യം
സ്വൈരം ഗമിക്കും മുതല, ചീങ്കണ്ണികൾ
ആരെയും കൊന്നിടും തക്കം വന്നാൽ
കാലം കടന്നപ്പോൾ മർത്ത്യനുണർന്നപ്പോൾ
ചോലൊത്തീ നാടുമുയർന്നു ശീഘ്രം.
വെട്ടിത്തിളങ്ങിടും വൈഡൂര്യഭംഗിയിൽ
പൊട്ടും, പൊടിപ്പും ചേർത്താടപോലെ
ചേലഞ്ചും പുഞ്ചപ്പാടങ്ങളിൽ പൊന്മണി
ആലോലവായുവിലാടിടുന്നു.
സ്വർണ്ണക്കുടങ്ങളെ മൌലിയിൽ താങ്ങിനി–
ന്നാരേയും മാടിവിളിച്ചിടുന്ന
പച്ചക്കുട ചൂടും തെങ്ങും നിറഞ്ഞങ്ങ്
ഭംഗി പകരുന്ന കുട്ടനാട്.
ക്രിസ്താബ്ദമായിരത്തെണ്ണൂററഞ്ചായപ്പോൾ
നിസ്തുല്യാഭിമാന സ്തംഭമാകാൻ
'ചാവറ' വീട്ടിലൊരമ്പിളിക്കീറുപോൽ
പാവന തേജസ്സൊന്നങ്കുരിച്ചു!
ആ വീടിനെന്നല്ല നാടിനും മോദമായ്
പൂവിൻ മണംപോലവൻ വളർന്നു
ഉൾത്താരിലാശകൾ പാറിപ്പറക്കുന്ന
ഹൃദ്യമനോജ്ഞമപ്പൊൻ പുലരി
പുഞ്ചിരിപ്പാലൊളി നീളെ ചൊരിഞ്ഞു തൻ
കാഞ്ചന തേരിലടുത്തീടവേ
നശ്വരമായൊരീ വിശ്വത്തിൻ സന്തോഷം
ശാശ്വതമല്ലെന്നറിഞ്ഞു ശീഘ്രം
സന്തതാനന്ദ സംദായകനീശനിൽ
അന്തമററങ്ങു ലയിച്ചിടുവാൻ

നിശ്ചയിച്ചായവൻ സംത്യജിച്ചപ്പൊഴെ
വിശ്വത്തിൻ ഭാഗ്യഭോഗങ്ങളെല്ലാം
വഞ്ചനാതീതനാമേശുവിൻ ചേവടി
പിഞ്ചെന്നവനെത്തി കർമ്മലയിൽ!
വഞ്ചികറം പായിച്ചും, വണ്ടികളോടിച്ചും·
എത്ര തനയരിന്നാഗമിപ്പൂ!
സന്തതം സേവനാസക്തരായ് വാഴുന്നു
സന്തുഷ്ടരീശ്വര ചിന്തയോടെ
കുന്നും, കുഴികളും, കാടുകറ, മേടുകറം
സുന്ദരോദ്യാനങ്ങളായിന്നെത്ര?
മങ്ങാത്ത ദീപങ്ങളെങ്ങും കൊളുത്തുവാൻ
സംഗതിയാക്കുന്നീ ധന്യർമൂലം.
ഭാരതമാതാവിൻ വീരകുമാരിയാം
കേരളഭൂവിലാ 'കൂനമ്മാവിൽ'
പൗരസ്ത്യദിക്കിലെ ഏതദ്ദേശിയമാം
കന്യാ തപോവനമൊന്നുയന്നു.

* * *

നൂറുനൂറായിരം ഭാവുകമോതുന്നു
നൂറു വയസ്സാമെന്നൻ കാർമ്മൽ തായേ
ദൈവത്തിൻ സ്നേഹം നീ പാരിൽ ജ്വലിപ്പിക്ക
ഏവരും നിർവ്വതിയാസ്വാദിക്കാൻ!!

---

ഇൻഡ്യയിലെ, അല്ല ഏഷ്യയിലെ പ്രഥമ ഏതദ്ദേശിയ സന്യാസാശ്രമമാണ് മാന്നാനം കുന്നിൽ ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ പണിതീർത്ത കർമ്മലാശ്രമം. സ്ത്രീകറക്കായുള്ള പ്രഥമ സന്യാസിനഭവനം 1866—ൽ ചാവറയച്ചനും ലെയൊപോറംദച്ചനുംകൂടി കൂനമ്മാവിൽ സ്ഥാപിച്ചു. അതിൻെറ ശാഖാമഠങ്ങറം ഇന്നു ഭാരതമൊട്ടാകെയും, യൂറോപ്പിലുമുണ്ടു്. (ശതാബ്ദജൂബിലിക്കെഴുതിയതു്).

## 3. അമ്മയോട്

വാനവർ നാഥയാം മേരി, എന്നംബികേ!
മാനവർക്കാകെനീയമ്മയല്ലോ
തായേ! നിൻസ്സേഹമോ, നന്മയോ, ശക്തിയൊ,
മായ വിമോഹികളാർ നിനപ്പൂ?
മാതാവേ നിൻഹൃത്തിന്നർഹിക്കും സ്നേഹമീ
നന്ദനരേകുവതുണ്ടോ പാരിൽ?
1*നാരിവരുത്തിയ നാശത്തെ തീർത്തിട്ടി
പാരിനെ പാലിച്ച നാകനാരീ,
അമ്മയാണങ്ങെന്നും ഈശനമേശുവി_
നമ്മയാണങ്ങെന്നും പാപികാംക്കും!
ഏതുവിപത്തിലു മോടിയടുക്കുവാൻ
ഏതൊരു പാപിക്കുമാലംബം നീ
2*ആർത്തരാം മർത്ത്യരങ്ങത്ഥിച്ചില്ലെങ്കിലും
മാദ്ധ്യസ്ഥം കൈവരിച്ചീടുമമ്മേ.

---

1* ഏദൻ തോട്ടത്തിൽ വച്ച് ദൈവത്താൽ വിലക്കപ്പെ കനി ആദ്യനാരിയായ 'ഹവ്വ' തിന്നു. ദൈവം എല്ലാ സൗഭാഗ്യങ്ങളും മനുഷ്യനു നൽകിയിട്ട്, മനുഷ്യൻ നന്ദിഹീനനും അഹങ്കാരിയുമായി ദൈവകല്പന ലംഘിച്ചതിനാൽ, ദൈവം അവരെ ശിക്ഷിച്ചു. അവർ മൂലം ലോകത്തിൽ പാപവും, മരണവും, തിന്മയുമുള വായി. ലോക രക്ഷകനായ യേശു കന്യകമേരിവഴി യാണ് ലോകത്തിൽ അവതരിച്ചതു്. പുത്രൻെറ സവിധത്തിൽ അന്നും എന്നും മേരി, മനുഷ്യവർഗ്ഗ ത്തിനുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു. ലോകത്തി നു നന്മചെയ്യുന്നു.

2* കാനായിലെ കല്യാണത്തിനു വീഞ്ഞു തീന്നകാര്യം ഗ്രഹിച്ച കന്യകാംബിക, വീട്ടുകാർ ആവശ്യപ്പെടു വാൻ കാത്തിരിക്കാതെ, ഏശുവിനെക്കൊണ്ടു് വെ ള്ളം വീഞ്ഞാക്കി വീട്ടുകാർക്കു കൊത്തു.

നൽപ്പച്ചവെള്ളത്തിലാർമൂലമത്ഭുതം
കല്ല്യാണവീട്ടിലന്നീശൻ ചെയ്തു!
താരകമാണു നീ ക്ലേശത്തിൻ ഭീകര
കൂരിരുൾക്കുണ്ടിൽകുഴയുവോർക്കും
3*കൊച്ചുജയിലതിലക്രൂസിന്നാശ്വാസം
4*കൊച്ചുത്രേസ്യാക്കുന്നു പുഞ്ചിരിയും
5*ഫാത്തിമ, ലൂർദ്ദ വഴിക്കെത്ര നന്മകൾ
പാത്തലെയെന്നും നീ ചെയ്തിടുന്നു.

## II സഹനറാണി

ക്ലേശത്തിൻ മുമുത്തു മൗലിയിൽ ചാർത്തിയ
വിശ്വൈക റാണി നീയല്ലോ തായേ!
കന്യാത്വഭംഗം വരുത്താതെ മാതൃത്വം
ധന്യമായ് കാത്തൊരു ദിവ്യകന്യേ

---

3* വിശുദ്ധ യോഹന്നാൻ ക്രൂസ് ജയിലിൽക്കിടന്നു കഷ്ടപ്പെട്ടപ്പോൾ കന്യകാമേരി പ്രത്യക്ഷപ്പെട്ടു രക്ഷപെടാനുള്ള മാർഗ്ഗം കാണിച്ചു സഹായിച്ചു.

4* ബാല്യകാലത്തൊരിക്കൽ വിശുദ്ധ കൊച്ചുത്രേസ്യാ രോഗവിവശയായി. വൈദ്യന്മാർ കൈവെടിഞ്ഞ ആ കുഞ്ഞിനുവേണ്ടി കുടുംബാംഗങ്ങൾ മേരിയോടു പ്രാർത്ഥിച്ചു. സർവ്വശക്തൻെറ ആ മാതാവ് പ്രത്യക്ഷയായി വിശുദ്ധ കൊച്ചുത്രേസ്യായെ രോഗവിമുക്തയാക്കി.

5* പോർട്ടുഗലിലുള്ള ഫാത്തിമായിൽ 1917—ൽ ആടു മേയിച്ചു നടന്ന അസൂന്ത, ഫ്രാൻസിസ്, ലൂസി എന്ന മൂന്നു കുട്ടികൾ പ്രാത്ഥിച്ചുകൊണ്ടിരുന്നപ്പോൾ മേരി ദർശനമരുളിയതു് ലോക പ്രസിദ്ധമാണല്ലോ. ലൂർദിൽ ബർണ്ണർദീത്താക്കും മേരി, ദർശനമരുളി. ആ സ്ഥലത്തു് ഒരുറവയുണ്ടു്. ഇന്നു് വിശ്വാസികൾ അവിടെ അത്ഭുതകരമായി രോഗശമനം നേടുന്നു.

1*ശങ്കനിമിത്തമായ് നിന്നെത്യജിക്കുവാൻ
നിൻകാന്തനുള്ളിൽ നിനച്ചിടവേ
ദൈവത്തിൻ ചിത്തത്തെ പാരിതിൽ വാഴ്ത്തിയ
പാവനശോഭാ നികേതനമേ
കാലികൾ മദ്ധ്യത്തിൽ ഗോശാലതന്നില
പീലിക്കിടക്കയിൽ പള്ളികൊണ്ട
യേശുവാമീശനെ പോററിവളർത്തുവാൻ
ക്ലേശങ്ങളെത്ര സഹിച്ച തായേ!
ഈശനാമുണ്ണി നുകന്നനിൻ ദുഗ്ദ്ധം താൻ
ക്രൂശിൻബലിയിൽ നിണമായ്ചിന്തി.
ജീവൻെറ ജീവനാ മീശനെ പാലൂട്ടി
ഭുവിൽവളർത്തിയ പാവനാംഗി
പാതിരാനേരത്തങ്ങുണ്ണിക്കുമാരനെ
പാലിക്കാനോടിയൊളിച്ച തായേ
മന്നിലെ ക്ലേശത്തിൽ നീയന്നു ചിന്തിയ
കണ്ണുനീർ ചാലുകളെന്നുമായും?
ഹൃത്തുപിടക്കുമ്പോൾ, കണ്ണുനിറയുമ്പോൾ
കണ്ണീരിൻ രാജ്ഞിയാമമ്മേ നിന്നെ
മാനവമാനസ നേത്രങ്ങൾ കാണുകിൽ
തോർന്നുതുടങ്ങീടു മശ്രുധാര!
മായാത്തനിൻപാദ മുദ്രകൾ പിൻതുട
ന്നീടുംസുതർ പാരിൽ, സ്വർഗ്ഗം തീക്കും
ജീവിതഭാരമാം കാർമുകിലേറീട്ടു
ഘോരാന്ധകാരം നിറഞ്ഞിടുമ്പോൾ
അർക്കനാമുണ്ണിയെ പാണിയിലേന്തിനീ
യുൾക്കമലത്തിലുദിച്ചീടണേ.

---

1* ബൈബിൾ. വി. ലൂക്ക I അദ്ധ്യയം 28-35, വാക്യ ങ്ങൾ.

ഭീതിയാൽ ചിത്തം ചകിതമായ്ത്തീരുമ്പോൾ
പുഞ്ചിരിത്തുമധു തൂകണെ നീ
ജീവിതസന്ധ്യയിങ്ങാഗതമാകുമ്പോൾ
തായേനീ താങ്ങും തണലുമേകി
എന്നാത്മനാഥനാം നിന്നോമൽ സൂനുവിൻ
സന്നിധിയിങ്കലണക്കേണമേ.

## 4. സ്വർഗ്ഗംകണ്ട ചെററക്കുടിൽ

നാട്ടിൻപുറമൊന്നങ്ങാണ്ടുകൾക്കപ്പുറം
പൊട്ടിവിടരുന്നെൻ ചിത്തതാരിൽ
ആടുകൾ, മേടുകൾ, ആട്ടിടയന്മാരും
കാററലതല്ലും വയലുകളും
ചെററക്കുടിലുകൾ, മുന്തിരിത്തോപ്പുകൾ
മുററുംനിറഞ്ഞൊരു രമ്യദേശം
പാറിപ്പറക്കുമെൻ ചിന്തകൾ വന്നങ്ങു
താവിനിന്നീടുന്ന ഗേഹമൊന്നിൽ!
ദാനമായീമനോമോഹന വിശ്വത്തെ
മാനവനേകിയ വിശ്വനാഥൻ
മർത്ത്യനായ് ഭൂവിലവതീർണ്ണനായപ്പോൾ
പത്തനമാക്കിയ ചെററമാടം
സച്ചിദാനന്ദനാ കൊച്ചുകാൽവെച്ചന്നു
പിച്ചനടന്നു കളിച്ചഗേഹം.
ഉണ്ണിക്കുമാരനും മേരിയും ജോസഫും
വിണ്ടലഭാഗ്യം നുകർന്നഗേഹം
ഈശ്വരചിന്തയും, സ്നേഹവും, ത്യാഗവും
ശാശ്വതശാന്തിയും ചേർന്നഗേഹം
ശത്രുത തീണ്ടാതെ, നന്മകൾ മാത്രമി
ങ്ങാരിലും തൂകിയ ചാരുഗേഹം

ഇണ്ടലിലാണ്ടിട്ടും, ക്ലേശത്താൽ കേണിട്ടും
ശണ്ഠയറിയാത്ത ശാന്തഗേഹം
ഐക്യമാന്നേവരും ഭാരംവഹിച്ചിട്ട
സ്വർഗ്ഗമീപാരിൽ ചമച്ചഗേഹം
ആശ്വാസമററുള്ളോരദ്ധ്വാനപാതയിൽ
ശാശ്വതഭാഗ്യം നുകർന്നഗേഹം
ദാരിദ്ര്യപീഡയിലന്നന്നു ജീവിതം
കണ്ടുമറഞ്ഞൊരു തച്ചഗേഹം
ഹൃത്തുപിളക്കുന്നോ 'രാജ്ഞ'കളെത്തവെ
ചിത്തത്തിലീശനെ കണ്ടഗേഹം
പാതിരനേരത്ത ഹേറോദിൻ വാളിൻ നി
കപാണംശ്രവിച്ച വിറച്ചഗേഹം
നിത്യപിതാവിന്നഭിമതം പോലിഹേ
നിത്യം ചരിച്ചൊരു പൂജ്യഗേഹം
പാരിതിൽ സാധന പാഠമേകാനീശ
നാരാൽ ചമച്ച കുചേലഗേഹം
മാനവമക്കളേ സ്നേഹിച്ച സേവിച്ച
ഹോമബലിപീഠമായ ഗേഹം
ഭൂപാലർ വന്നങ്ങു ശാന്തിനുകന്നൊരു
രാജാധിരാജൻെറ ശ്രേഷ്ഠഗേഹം
വാനവർ സാനന്ദ മാശിസ്സരുളുകിയ
മംഗളദായക സ്വർഗ്ഗഗേഹം
സ്വച്ഛമാമച്ഛല ചിത്രത്തിലെന്നപോൽ
മാനസെകാണുന്നാ ധന്യഗേഹം

## 5. പ്രേമഗീത

### I ജീവനുള്ള ടാജ്മഹൽ

പ്രേമകുടീരമാം ടാജെത്രസുന്ദരം!
ആ മുഗൾ സ്മാരകമെത്രചിത്രം!

നിമ്മ്ലപ്രേമത്തിൻ വാടാമലർപോലെ
ഇമ്മന്നിൽ മിന്നുമീ രമ്യഹമ്മ്യ്യം.
ഭംഗിയിലിങ്ങനെ നിമ്മ്മിച്ച ഷാജഹാ
നെങ്ങുപോയെങ്ങുപോയ്തൻ പ്രദീപം
മിന്നൽപോൽമായുന്ന മന്നിൽപ്രതാപങ്ങ
ളെന്നല്ലീടാജ്മഹാളോതിടുന്നു!
പ്രേമസ്വരൂപനാമീശൻ ചമച്ചൊരു
ശ്രീമയസ്മാരകം മർത്യനോത്താൽ
ബുദ്ധിയാലീചരായൽ ജീവനാൽ ഷാജിൻെറ
നിസ്തുല ഹമ്മ്യ്യത്തെ വെന്നിടുന്നു
എന്നാലിമർത്യരും യാത്രകാരെന്നപോൽ,
വന്നപോൽ പോയിമറയുന്നെങ്ങോ
മന്നിലിപ്രേമത്തിൻ മേടകൾ വീഴുമ്പോഴും
ഒന്നങ്ങുശോഭിച്ചുയർന്നുനിൽപ്പൂ
നശ്വരവിശ്വത്തിൻ സക്രാരിതന്നുള്ളിൽ
വിശ്വാസദൃഷ്ടിക്കു ദൃശ്യനായി
പള്ളികൊണ്ടീടുമനശ്വര സ്നേഹത്തിൻ
കല്യാണരൂപനാം 'ദൈവപുത്രൻ'
അന്നാജനാവലിക്കപ്പം കൊടുത്തവ–
നിന്നിതാ വാഴുന്നൊര'പ്പമായി'
നിന്ദിക്കും നീചന്മാരെന്നറിഞ്ഞെങ്കിലും
ഖിന്നരെ തേടുന്നീബന്ധനസ്ഥൻ
മോദംനുകരുന്നു, ഭാരംചുമന്നുനിൻ
പാദാന്തികത്തിലണഞ്ഞു ലോകം
അങ്ങു സഹിച്ചൊരാ പീഡകളല്ലയൊ
ഇന്നാക്കും സ്നേഹ സഹനമാറ്റും!
*നിന്നെത്തുണയ്ക്കാനാ ശീമോനന്നേകനാ–

---

* ബൈബിൾ. വി.മത്തായി 27–ാം അദ്ധ്യായം 32–ാം വാക്യം

ണെന്നിൽക്കനിയാൻ പലരുമുണ്ടു്
വന്നെത്തുന്നെത്ര വൈരാനിക്കാമാരെന്നും
മന്നിലെൻ കണ്ണീർത്തുടപ്പതിനായ്
പാണിദ്വയത്തിലൊ, പാദങ്ങൾതന്നിലൊ
ആണിപ്പഴുതെനിക്കൊന്നുമില്ല
മുൾമുടിയാലെൻ തല തകർത്തീടുവാൻ
ചിന്മയാ വൈരികളില്ലെനിക്കു്
ഇന്നോളം ജീവിതത്താരയിലാരെല്ലാ
മെന്നെത്തുണച്ചു പരിചരിച്ചു
കന്യകാ നന്ദനാ! നീ മാത്രമിങ്ങനെ
മന്നിൽ പരിത്യക്തനായ് വസിപ്പൂ
ജീവൻെറ ജീവനിരിക്കുമിടാജ്മഹാൾ
ഭുവിലെനിക്കുള്ള ശാന്തിസ്വർഗ്ഗം.

## II സഹനത്തിൻെറ വഴിത്താരയിൽ

കാരുണ്യക്കാതലാം കന്യാതനുജാ!നിൻ
ഘോരമാം യാതനയാരു ചൊല്ലും?
ക്രൂരമൃഗങ്ങളോടൊക്കുന്ന സേവകർ
താരൊളിപ്പൊൻമെയ് ചതക്കയായി
കൽത്തൂണിൽനിന്നെ വരിഞ്ഞുമുറുക്കുന്ന
കല്ലിനെക്കാളും കടുത്തമർത്ത്യർ
നാല്പതിലേറെയടിയ്ക്കൊല്ലാമർത്ത്യരെ
യീപ്പതിവന്നുണ്ടുറോമിൽ, പക്ഷേ
നിന്മഞ്ജുഗാത്രത്തിലാറായിരമല്ല
ചമ്മട്ടികൊണ്ടടിയേററതന്നു്
ചീറിപ്പതിഞ്ഞോരച്ചാട്ടയടികളാൽ
ആറുകവിയുംപോൽ പാഞ്ഞു രക്തം
ഹിംസകർ മർദ്ദന തല്പരർ നിർദ്ദയം
മാംസം തുളച്ചസ്ഥിയോളമെത്തി
പൊട്ടിക്കരഞ്ഞിരിക്കാമന്നു നാഥനെ
കെട്ടിയകല്ലിൻ കരളുപോലും

പിന്നെയൊ നീചന്മാർ തങ്ങളിലിങ്ങനെ
നിന്നെ നിന്ദിക്കുവാൻ മത്സരിച്ചു
ഞാങ്കണച്ചെങ്കോലും മുള്ളിൻകിരീടവും
ചാർത്തിച്ചു ഭൂപതിയാക്കിയങ്ങേ
രാജാവാണങ്ങേങ്ങും, രാജാവാണങ്ങെന്നും,
രാജ്യമോ മാനവ മാനസങ്ങൾ
അപ്പൊൻ തിരുമുഖപ്പൂവിൻദളങ്ങളിൽ
തുപ്പുന്നു ദുഷ്ടർ; ഞാൻ ചുംബിച്ചിടാം.
ക്രൂരമാം പീഡനംകൊണ്ടു തളർന്നപ്പോൾ
ഘോരം കുരിശവർ തോളിലേററി.
വീണും തളർന്നും മനുഷ്യൻെറ പാപമാം
കൃശ്ശമായ് നീങ്ങുന്നിതീശ പുത്രൻ
കുററമില്ലാത്തവൻ യേശുവെന്നിങ്ങനെ
സ്പഷ്ടമായ് പീലാത്തോസോതിയിട്ടും
"ക്രൂശിൽ തറയ്ക്കണം", "ക്രൂശിൽ തറയ്ക്കണം"
ക്രൂരം മുറവിളി കേട്ടു വീണ്ടും
കാരിരുമ്പാണികൾ കാലിലും കൈയിലും
കാരുണ്യമെന്യെ തറച്ചിറക്കി.
കാൽവരിക്കുന്നിലുയർത്തിനാർ നിർദ്ദയം
കാരുണ്യരൂപനെ കശ്മലന്മാർ.
വാചാമഗോചരമാകിയ ഭീകര
വേദന തിന്നുമെൻ പ്രാണനാഥാ!
ധ്യാനനിർലീനയായ് നിൽക്കട്ടെ ഞാനെന്നു–
മാനതശീർഷ്യയായ് നിൻെറ മുമ്പിൽ

## III പ്രേമമൂർത്തി

മാമകപാപം നശിക്കുവാനായ് സ്വയം
പ്രേമബലിയായ ദൈവപുത്രാ!
മംഗലദായക നിന്നുടെ സ്നേഹത്തി–
നെങ്ങിനെ ഞാൻ പ്രതിനന്ദി ചൊല്ലും

മൂന്നു മണിക്കൂറും മൂന്നാണിയിൽ തൂങ്ങി
വീണ്ടു രക്ഷിച്ചു നീ മാനവരെ
ദാഹിച്ചുകൊണ്ടന്നാക്രൂശിൽക്കിടന്നിട്ടും
സ്നേഹിതരാരുമണഞ്ഞതില്ല
നന്മകൾ പ്രാപിപ്പാൻ വന്നങ്ങു തിങ്ങിയ
മാനവരൊക്കെയുമെങ്ങുപോയി?
മർത്യൻ തന്നന്ധത നീക്കുവാനായി നിൻ
ഹൃത്തടംപോലും തുറന്നു തന്നു.
അർദ്ധനിമീലിതമായി നയനങ്ങൾ!
മുഗ്ദ്ധവദനം വിരൂപമായി!!
അത്തിരുമേനിയൊ കീറിമുറിഞ്ഞാകെ
രക്തത്തിൽ മുങ്ങിക്കിടന്നു ക്രൂശിൽ
സർവ്വരാലും പരിത്യക്തനായ്ത്തീർന്നല്ലൊ
സർവ്വേശപുത്രനാം സ്നേഹമൂർത്തേ!
ക്രൂശിതനേശുവേ! എൻ ജീവജീവനെ
മാനവപാപം ചുമന്ന നാഥാ!
നിൻ തിരുപ്പാദങ്ങളെൻ പരിത്രാണകാ
പിൻതുടർന്നീടട്ടെ നിൻ തനയർ
ഞങ്ങൾതൻ പാപങ്ങളോർത്തു കരയുവാൻ
ഞങ്ങൾക്കു നിൻകൃപ നൽകേണമെ.
ജീവിതമേകം കുരിശു ചുമക്കുവാൻ
ജീവേശകാരുണ്യമേകിയാലും.

---

ഹൈസ്കൂൾ വിദ്യാർത്ഥിനികളെ ഷാജഹാനെപ്പററി പഠിപ്പിച്ചപ്പോൾ, മനസ്സിൽ പൊന്തിവന്ന ചിന്തകൾ.

## 6. ലിസ്യൂവിലെ ചെറുപുഷ്പം

''സ്വർലോകവാസത്തിൽ ഞാനെൻെറ മാനവ
സോദരർക്കായ് നന്മ ചെയ്യും നൂനം!''
എന്നരുളിച്ചെയ്തിട്ടീപ്പാരിടം വിട്ടൊരു
പൊന്നോമൽ സൂനുവാം കൊച്ചുത്രേസ്യാ!
അമ്മതൻ പുഞ്ചിരിപ്പൂമധുവുണ്ടിട്ട
ന്നമ്മവെച്ചാറാടാനുള്ള ഭാഗ്യം,
ചെമ്മേ! വിഹീനയായ് തീന്നതിൻ ബാല്യത്തിൽ
ചിന്മയതായനിന്നമ്മയായി!
ദർശനമേകിനിൻ ചാരത്തണഞ്ഞപ്പോഠം
ദീനത്തിലാരോഗ്യം പുൽകിനീയും.
ഖേദമലട്ടാത്താരാജ്യ''ത്തിൽ നിന്നുനീ
ഇമ്മഹിയൊന്നിനി വീക്ഷിക്കില്ലെ?
നീയന്നു വാണോരീ പാത്തലമിന്നിതാ
മുങ്ങുന്നു സ്വാർത്ഥത്തിൻ നീർച്ചുഴിയിൽ
പുഞ്ചിരിതഞ്ചുംനിൻ 'ഛായാ'സവിധത്തി
ലെൻമനം പാറിപ്പറന്നിടുന്നു!
സ്നേഹവും ത്യാഗവും കൊണ്ടണച്ചില്ലേ നീ
പാരിലനുദിനം ഹോമബലി
ത്യാഗസുരഭിലമായനിൻ ജീവിതം
ഏകുനിന്നേവനുമാത്മവീര്യം.
ദർശിച്ചു സത്യസ്വരൂപനെ മർത്ത്യരിൽ
സ്വാർത്ഥം വെടിഞ്ഞിട്ട ന്നൂഴിയിൽ നീ
അന്നന്നണഞ്ഞോരാക്ലേശത്തിലാഴാതെ
വഞ്ചിനയിച്ചില്ലെ മുന്നോട്ടെന്നും
നാഥനെ'ത്തോണി'യിൽക്കാണാതലഞ്ഞിട്ടും

1'സ്വാർത്ഥസുഖവും' നീ തേടിയില്ല
2വിശ്വാസദീപ്തിയിൽകണ്ടാത്മനാഥനെ
'ക്രൂരിരു'ളാണ്ട 'നിശ'യിലും നീ
ഭിന്നസ്വഭാവികളൊന്നിച്ചു മേവുമ്പോഴാം
സ്വാർത്ഥ ചമച്ചും വിനകളേറെ
ക്രൂരോടെ പോററിപ്പുലത്തുന്നൊരിഛക–
ളാററംബോംബായിപ്പരിണമിക്കാം
അർപ്പിതജീവിതം കൈവെടിഞ്ഞായതിൽ
നാശത്തിൻ വിത്തും വിതച്ചുകൊയ്യാം
കൂടെപ്പൊറുക്കും സഹജരിലേറുന്ന
ചേർച്ചയില്ലാത്ത പ്രകൃതിയെല്ലാം
പാരം ക്ഷമിച്ചും സഹിച്ചും ഗമിച്ചു നീ
ജീവജീവേശനെ പാർത്തു മോദാൽ
സോദരസ്നേഹത്തിൻ പാലൊളി തൂകി നീ
പാവനമാം വഴിത്താരയിങ്കൽ
സൗരഭ്യം പാറുമനശ്വരമാം മലർ,
നിൻനറുത്യാഗസുമങ്ങളിന്നും

---

1, 2. സന്യസ്തരുടെ വിശ്വസ്തത ഒന്നു പരീക്ഷിക്കുന്നതിന് ദൈവം ദുഃഖദുരിതങ്ങളയയ്ക്കുമ്പോഴാം ഇന്നു് പലരും പ്രാർത്ഥനാജീവിതം കൈവെടിയുന്നു. അതിനാൽ അവയിൽ ഒളിച്ചുവച്ചിരിക്കുന്ന അലൗകികമായ സ്വർഗ്ഗാനന്ദം അവർ അനുഭവിക്കാതെ, ലോകത്തിന്റെ ക്ഷണികമായ മോഹങ്ങളിലേയ്ക്കു ആകർഷിക്കപ്പെടുന്നു. ലോകത്തിൽ മനുഷ്യനു് മാതൃകയും നേതൃത്വവും നൽകുന്ന മിശിഹായെ ത്രിവിധ പരീക്ഷകൾ സമീപിച്ചില്ലേ? അവിടുന്നെന്തു ചെയ്തു? തന്നെ അടുത്തനുഗമിച്ച തന്റെ ആത്മമിത്രരുടെ, സിദ്ധരുടെ ചരിത്രങ്ങളും ഏതദൃശ്യസംഭവങ്ങൾക്കുസാക്ഷ്യം വഹിന്നില്ലേ? ക്ലേശങ്ങളിൽ കൂടി മുന്നേറിയവരല്ലേ, ലോകത്തിലെ ഏതൊരു മഹാനും, മഹതിയും!

ആയതിൻ സുമണം സുകുന്നനുദിനം
നവ്യപരിമളമൊട്ടലകിൽ!
സ്വഗ്ഗം നുകന്നു പകന്നു നീ പാരിതി–
ലേശുവിൻ ചേവടി ചേത്തു ചേർന്നു്
സർവ്വേശചിത്തത്തെ വാഴ്ത്തി നീ സന്താപ
സന്തോഷമദ്ധ്യത്തിലൊന്നുപോലെ
നിത്യസൗഭാഗ്യത്തിലെത്തുവാനോരോരോ
മാർഗ്ഗങ്ങരം മാനവർ തേടിടുന്നു
ഘോരതപസ്സിനാൽ പാരിടം വിട്ടോര–
മാമുനിശ്രേന്മാഷ്ഠന്മാരെത്രയെത്ര?
പാവനമാം പരിത്യാഗത്തിൻ മോഹന
നൂതനപാത തുറന്നതാരു്?
*'ആത്മീയ ശൈശവ' ശാസ്ത്രീയവേദിയിൽ
ശ്രേഷ്ഠമാം സ്ഥാനം നീ കൈയടക്കി
നീയന്നു പിന്നിട്ട മാഗ്ഗം തെളിയുന്നു
കാലം കഴികിലും കാർമ്മൽ സൂതേ!
ആ വഴിയൊന്നു ഞാൻ പിൻതുടർന്നീടട്ടേ
പാണികരം നീട്ടിത്തുണച്ചിടാമോ?
ഓരോ പുഴവക്കിലോളമടിക്കുമ്പോരം
താഴാതിത്തോണി നയിച്ചിടാമോ?
ഒന്നു നീ പുഞ്ചിരിച്ചീടുകിലാച്ചിരി
എൻ ജീവപാതയ്ക്കു ദീപമല്ലോ!

---

* ശിശുതുല്ല്യം ദൈവത്തിലാശ്രയിച്ച ആത്മധൈര്യത്തോടെ സ്വജീവിത കടമകരം നിവ്വഹിക്കുന്ന 'കുറുക്കുവഴി'— 'ആത്മശിശുത്വം'

## 7 * അമൃതധാര

മഹിതാശയാ താതാ! മാതാവേ മനസ്വിനി
മഹിയിൽ സ്വച്ഛച്ഛായ കാണുന്നാ മുഖക്കാമ്പിൽ
അമ്മതന്നുദരത്തിൽ ചിന്മയൻ സമ്മാനിച്ച
നന്മലർ തൊത്താമെൻെറ വരവും പ്രതീക്ഷിച്ച
ക്ലേശത്തിൻ വഴിത്താര തന്നിലൂടഹോ പത്തു
മാസങ്ങളെന്നെ ചുമന്നുഴന്നെൻ ജനയിത്രി!
അന്നു ഞാൻ വിശ്വത്തിൻെറ വിസ്തൃതമടിത്തട്ടിൽ
പിറന്നുവീണിട്ടേവം പറന്നിങ്ങെത്തി ക്ഷിപ്രം
സന്താപാംബുധി തന്നിലമ്മയുമെന്നച്ഛനും
ചിന്തിയ കണ്ണീർക്കണം തുളുമ്പിത്തുടിക്കുന്നു.
മാനവൻ മനക്കോട്ട ചമയ്ക്കും വിഹായസ്സിൽ
മന്നിൽതന്നഭിലാഷര തകർന്നാൽ തളരുന്നു.
ആശയും നിരാശയുമലകളടിക്കുമ്പോഴും
ആയതിൻ മീതെ മർത്ത്യൻ നീന്തണം പ്രശാന്തനായ്
ലോകവുമതിലുള്ളതേതുമേ ദർശിച്ചിടാൻ
നാകവാസിയാമെനിക്കിന്നൊരു നോട്ടംമതി.
പാരിതിലാകെപാർത്താലിതുപോലുണ്ടോ ഗേഹം
ആരിലും നന്മ, നീതി, നിറവിൽക്കവിയുന്നു

---

* അശ്രുധാരയുടെ മറുപടിയാണ്. അശ്രുധാര. ഓർമ്മ യില്ലാത്തവർക്കു് ഇതിൻെറവസാനം കാണാം. 1941–ൽ ബി. എ. കോഴ്സിലെ എൻെറ സഹപാഠിനിയായ ഗോമതിയുടെയും 1953–ൽ ബി. റ്റി. കോഴ്സിലെ എൻെറ ഗുരുഭൂതനായ ശ്രീ. നാലാങ്കൽ ൻെറയും പുത്രി മരിച്ചപ്പോഴും നാലാങ്കൽ കൃഷ്ണപിള്ള എഴുതിയ അശ്രുധാരയ്ക്കു് ഞാനെഴുതിയ മറുപടിയാണ് ഈ അമൃതധാര.

 5881 JAWAHAR CHILDREN'S LIBRARY

അമ്മതൻ സ്നേഹംവെല്ലും, പിന്മയസ്നേഹം പാർത്താൽ
തിന്മകളൊരുതരംപോലുമിങ്ങറിവില്ല.
കൊച്ചേട്ടനെക്കാളേറെ ജ്യേഷ്ഠന്മാരനുജന്മാർ
കൊച്ചേച്ചിമാരുമുണ്ടിങ്ങമ്മാവർ, മുത്തശ്ശിമാർ
ഏവരും സൗഭാഗ്യത്തിൻ കേന്ദ്രബിന്ദുവിൽതങ്ങി
നില്ക്കയാണഹോ! സ്വർഗ്ഗഭാഗ്യമേ! കാമ്യം ശ്രേഷ്ഠം
ദീനദണ്ഡങ്ങളില്ല, യാതനയേതുമില്ല
സ്ഥാനമാനത്തിനായിട്ടില്ല മൽപിടുത്തങ്ങൾ
സന്താപമില്ല, പട, പട്ടിണി, വഴക്കില്ല
സന്തത സന്തുഷ്ടിതൻ മാറ്റൊലിമാത്രം കേൾക്കാം
ഇഷ്ടംപോലാക്കുംകിട്ടും ആശിപ്പതേതുംതന്നേ
മുട്ടുപാടൊരുതരംപോലുമിങ്ങറിവില്ല
മനോജ്ഞമായതേതുമിങ്ങുണ്ടെൻറച്ഛാ! സാക്ഷാൽ
മാനസം കുളിർപ്പിക്കും ജീവിതമൊന്നുമാത്രം
*"കണ്ണുകൾ കണ്ടിട്ടില്ല, കർണ്ണങ്ങൾ കേട്ടിട്ടില്ല
വർണ്ണനാതീതമേതും മാനവഹൃത്തിനാകെ"
ഹൃദയം കവരുന്ന ദൃശ്യങ്ങളിങ്ങെങ്കിലൊ
മതിയെപ്പിളർക്കുന്ന കാഴ്ചയുമവിടുണ്ട്.
ഇങ്ങിരുന്നങ്ങോട്ടുഞാൻ നോക്കിയാൽ ഭയങ്കരം!
ഭംഗിവാക്കുരക്കുന്ന മർത്ത്യരാണധികവും
തങ്ങളിൽ കാണുന്നേരം പുഞ്ചിരി തൂകീടുന്ന
രംഗത്തിനുള്ളിലഗ്നിപർവ്വതം ജ്വലിക്കുന്നു
വഞ്ചനവിതയ്ക്കുന്ന മന്നിലാമർത്ത്യൻ കൊട്ടം
വഞ്ചനതന്നേ കൊയ്തു നരകം ചമയ്ക്കുന്നു
ജ്യേഷ്ഠനുമനുജനും ശത്രുക്കളായിതീർന്നു.
സംഹരിച്ചിടുന്നതാം സംഭവം പൈശാചികം!
2*സുന്ദരിപ്പെൺകുഞ്ഞിനെ കൊന്നുടൻ പെട്ടീലാക്കി
തീവണ്ടിയേററീടുന്നു മറെറാരു ഭാഗത്തതാ

---

* ബൈബിൾ. വിശുദ്ധ പൗലോസ് 1. കോറി. 2/9.

തിങ്ങുന്ന ദുരിച്ചുകരം...പൊങ്ങുന്ന കൈത്തോക്കെങ്ങും
മുങ്ങുന്ന ചെഞ്ചോരയിൽ കെന്നടി....ഗാന്ധി....
കിങ്ങും....

## III

ചിറകില്ലാതെതന്നെ പറക്കുന്നില്ലെയചരൻ!
പറന്നിങ്ങണഞ്ഞാലും പറയാമനവധി
അച്ഛനമെന്നമ്മയുമേട്ടനുമിങ്ങോട്ടല്ലൊ
വച്ചുന്ന പദമലർ, കാത്തുകാത്തിരുപ്പുഞാൻ
ചഞ്ചലം വേണ്ടതെല്ലും, പൊളിയല്ലൊന്നുംതന്നെ
നെഞ്ചകം കുളിർക്കട്ടെ, മാനസം തളിർക്കട്ടെ!
നെടുനിശ്വാസം വേണ്ട, ചുടുകണ്ണീരുംവേണ്ട
വിരിയട്ടൊരുപുതുമലരാമുഖക്കൊമ്പിൽ
ഭിന്നമാം പ്രവത്തനവേദികരം നമുക്കേകി
ട്ടെന്നെയുമച്ഛനേയും ചമച്ച ചിദാനന്ദൻ
നിയുക്തമായ കൃത്യം തീർത്തുഞാൻ പറന്നെത്തി
ചേരുമീസൗഭാഗ്യത്തിൽ വിശ്വസ്തരെല്ലാമെങ്ങും
ഈശ്വരസവിധത്തിലെന്തേങ്ങും പ്രയാണത്തിൽ
മാനവനേറിപ്പായും വാഹനംദേഹം പാത്താൽ
സ്രഷ്ടാവിൽ വിചിത്രമാം വഴിയിൽ പവിത്രത
സൃഷ്ടികരം ദർശിക്കവെ ജീവിതമാസ്വാദ്യമാം
ഒരുനാരം കാലത്തിൻെറ തികവിൽ നമുക്കിങ്ങീ
സുരലോകത്തിൽ വാഴാം! മംഗളം ഭവിക്കട്ടെ!
ഈശ്വരൻ തുണയ്ക്കട്ടെ! സ്വസ്തിഞാനുരയ്ക്കുന്നു
നശ്വരമല്ലാത്തൊരീഭാഗ്യത്തിൽ കാണാംമുക്തി

---

2* എറണാകുളത്തു തീവണ്ടിയിൽനിന്നും കണ്ടുകിട്ടിയ ഒരു വലിയ സ്റ്റീൽപെട്ടി തുറന്നപ്പോരം കണ്ട കാഴ്ച (അടുത്തകാലത്തു പത്രത്തിലേറിയ വാത്ത).

### അശ്രുധാര

സ്നേഹത്താലുള്ളംതുള്ളംതായതൻ മുഖമൊന്നു
മോഹനെനോക്കാതെ നീ മറഞ്ഞതെന്തീവിധം
അകലത്തെങ്ങോ നിന്നിൽ സ്വർഗ്ഗീയസുഖംകാണാൻ
അതിയായ്കൊതിപൂണ്ട ദിനരാത്രങ്ങളെണ്ണും
നിന്നുടെ പിതാവിനെ ഒരു നോക്കുനോക്കാതെ
മിന്നൽപോലെന്തേമറഞ്ഞേൻ പ്രിയതനയെനീ?
പാവയും കളിക്കോപ്പും നിനക്കു നൽകീടാനും
പൂവുപോൽ സുകുമാരമായകാലുകാംനീട്ടി
താവുമൗത്സുക്യത്തോടെ നിന്നെഹാകിടത്താനും
അമ്മതന്നുദരത്തിൽ നീ കിടക്കുമ്പോാംമുതൽ
ഉണ്മയിൽനിന്നെക്കൊഞ്ചിച്ചീടുവാൻ
കൊതിയാർന്നും
നീന്നാഗമോത്സവത്തെ കാത്തോരു കൊച്ചേട്ടനെ
തന്നെയും മറന്നെത്തെ സ്വപ്നംപോൽ മറഞ്ഞുനീ?''
(വസന്തകാന്തി—നാലാങ്കൽ)

## 8 ആറാവക്കത്ത്

ആലുവാപ്പുഴയുടെ മോഹനതീരത്തതാ
ചേലാർന്ന വൈ. എം. സി. എ. സ്വാഗതമോതി
നിൽപ്പൂ
മുത്തണിചരൽ വിരിപ്പിട്ടൊരു പൂമുററത്തു്
തൈത്തണൽ, പച്ചക്കുട, വിടത്തി പ്പാവിൻതോട്ടം
തെന്നലിലാടും ദളം തോരണംതൂക്കിമേലെ
പൊന്നന്തിക്കതിരവൻ പുഞ്ചിരിപ്പൂവും തൂകി.
കേരളക്കരയുടെ വിദൂരക്കോണിൽനിന്നും
വന്നെത്തി സഹജന്മാർ; ഹൃത്തടംകുളിർക്കുന്നു

പഠനക്കളരിയിൽ നിരചേർന്നതിമോദം
ചർച്ചകൾ നടത്തുന്ന വിനീതർ മഹത്തുക്കൾ
മാനസഗുഹകളിൽ ദീപങ്ങൾ തെളിയുന്നു
സന്തോഷം മുഖക്കാമ്പിൽ പാലൊളി പൊഴിക്കുന്നു
ചിന്നിയും ചിതറിയുമകന്നു കഴിഞ്ഞവർ
ഒന്നുചേർന്നീടുന്നൊരീ കാഴ്ചയിന്നെത്ര ഹൃദ്യം!
ആചാര്യമണികളാം രായനും, പോൾവർഗ്ഗീസും
വിശിഷ്ടമാക്കിക്കാച്ചിയൊരുക്കി വിളമ്പിയ
ദൈവീക വചനത്തിൻ വിരുന്നുണ്ടാനന്ദത്തിൽ
നവ്യമാം ജീവനാർന്നിട്ടാഗതർ സ്ഥലംവിട്ടു!

## II

കാലത്തിൻ തേർവാഴ്ചയിൽ പുതുമ നശിക്കാത്ത
ചേതോമോഹനമായൊരക്ഷയനിധിയെന്നും
ആരാനും തിരയുകിൽ ബൈബിളിന്നിതൾതോറും
ഓരോരോ നാളിനൊത്ത ശോഭയിൽ തെളിഞ്ഞിടും.
ഗാന്ധിയൻ സിദ്ധാന്തത്തിന്നാധാരമെങ്ങുന്നാവോ?
കാറൽമാർക്സാവേശവും കവർന്നതിങ്ങുന്നല്ലോ!
സാഹിത്യശാഖകളിലേതിനും തെളിവാർന്ന
മോഹനത്തിരിനാളം ബൈബിളിൽ ജ്വലിക്കുന്നു;
നീതിക്കായലറുന്ന കാഹളമുഴക്കവും
നീതിമാൻ തന്റെ രക്തം തിളയ്ക്കും കാഴ്ചകളും
വിശപ്പിൻ മുറവിളി ധ്വനിക്കും കരച്ചിലും
ക്ലേശങ്ങളലതല്ലി തകർത്തു വാഴുന്നതും;

---

* 1968 ജനുവരി 28ലെ തൊഴിലാളി ദിനപ്പത്രത്തിൽ പ്രസിദ്ധം ചെയ്തതു്. 1967 ഡിസംബറിലെ കേരള ക്രിസ്ത്യൻ റൈറ്റേഴ്സ് ആൻറ് ജേർണ്ണലിസ്റ്റ് ഫെല്ലോഷിപ്പിന്റെ ബൈബിൾ സെമിനാറിനു ശേഷമുള്ള ഒരു മത്സരത്തിൽ സമ്മാനാർഹമായതു്.

സുഖലാലസരായി ധനികർ രസിപ്പതും,
ദുഃഖങ്ങളണിചേർന്നു ചവിട്ടി മെതിപ്പതും
വീണവർ കേണീടുമ്പോഴും നീട്ടുന്ന പിതൃഹസ്തം
താണുതാണെത്തി താങ്ങി വലിച്ചങ്ങേററുന്നതും
ദുഷ്ടാമ മുഷ്ടികളാൽ മാനവചുടുരക്തം
നിഷ്ഠൂരം ചൊരിയുന്ന കാഴ്ചയും വിരളമോ?
എന്നുവേണ്ടെന്നുമുള്ളീ മാനവഗണത്തിൻെറ
പൊന്നോമൽ രൂപംതന്നെ ബൈബിളിലെങ്ങും
ദൃശ്യം!
ഏതൊരു വിനീതനും, ഈറപ്പുഴ വക്കത്തെത്താം
ഓതാവതല്ലാത്തൊരീ മാധുര്യം നുകർന്നിടാം!
ചിന്മയാ! സ്നേഹനിധേ! നന്മകൾക്കാധാരമേ
പാത നീ തെളിക്കണേ, മുന്നോട്ടു നയിക്കണേ!!

## 9. പ്രകാശം

ഭീകരമാകും കോട്ടകൾ കെട്ടി
മാനവനെങ്ങും വീണുമയങ്ങി
സ്നേഹം മങ്ങി പാരിതിലാകെ
ക്രൂരിരുൾ മൂടി ഭൂതലമൊരുപോൽ
ക്ലേശത്തിൻ തിരമാലകൾ പൊങ്ങി
സ്വാർത്ഥത്തിൻ കാററലറിയടിച്ചു
സഹജൻ സഹജനെ ഹിംസിക്കുന്നു
തനയൻ ജനകനെയറിയില്ലെന്നായ്;
പാഴായ് തീർന്നൊരു ദുർഗ്ഗം തട്ടാൻ
കാലം വൈകിപ്പോയിപ്പാരിൽ

---

* 1970–ൽ ആരംഭിച്ച 'മഹിളാരംഗ'ത്തിൻെറ പ്രഥമ ലക്കത്തിൽ പ്രസിദ്ധം ചെയ്തതു്.

ഇരുളിൽ തപ്പി നടക്കും കാലം
കരളിൽ കൈത്തിരി നാട്ടാനെത്തിയ
സോദരസ്നേഹികളല്ലേ സാക്ഷാൽ
ഗുരുവരനുലകിനു നിത്യവുമോർത്താൽ
കുന്നും കുഴിയും വെട്ടിനിരത്താം
സുന്ദരനാടുകളുയരട്ടെങ്ങും
മാനവഹൃത്താം ബലിപീഠത്തിൽ
നൂനം വാഴും ദൈവപിതാവെ
നേരിൽ നരരെ സ്നേഹിച്ചിങ്ങാ
പാവനബലിയിന്നർപ്പിക്കട്ടെ!

## 10. മാടിവിളിക്കുന്നു

ദുഃഖത്തിൻ കരി പററിടാതൊരു
മർത്ത്യജീവിതമെത്തുവാൻ
ദീനദണ്ഡങ്ങളാധിവ്യാധികഠം
ആളിക്കത്തിടും ആയുസ്സിൽ
മാനസം നൊന്തു നീറിടാതേതു
മാനവനുണ്ടീയൂഴിയിൽ?
ക്രൂശിൽ കണ്ണുകഠം ചേർത്തു നില്ക്കുകിൽ
ആശ്വസിപ്പിക്കും ക്രൂശിതൻ.
ദിവ്യസ്നേഹത്തിൻ ചൂളയാം തിരു–
വുള്ളം നമ്മെ ജ്വലിപ്പിക്കും
പ്രേഷിതരതിൻ വഹ്നിയും പേറി–
യാശകഠംതോറും പാഞ്ഞിടും.
ക്രൂശിൽ തങ്ങിടുമാശരീരത്തിൻ

* 1968 ജൂൺ 20–ലെ പ്രേഷിതകേരളത്തിൽ പ്രസിദ്ധം ചെയ്തതു്.

പേശലാംഗമാണീ നമ്മരം;
ഒട്ടപേർ പാണി, ഒട്ടപേർ പാദം
ഒട്ടപേർ കരളീവിധം
ദൈവനന്ദനനാം ശിരസ്സിനോ–
ടൊന്നു ചേർന്നു ലസിക്കണം.
മുള്ളുകരം പാദേ കൊള്ളുമ്പോളുടൻ
ഉള്ള നൊന്തു കൈയെത്തിടും
മർത്ത്യരിലേകൻ ദു:ഖിതനെങ്കിൽ
എത്തണം കരം, കൈകളും
യാതന തിന്നും നാഴിക തള്ളാൻ
സ്നേഹസേവനമേകണം
കൊയ്ത്തടുത്തൊരു പാടം തെന്നലി–
ലാടിനില്ലുന്നു 'കർഷകാ'!
പട്ടിണി പാറും നാട്ടിലിന്നു നിൻ
"കൊയ്ത്തുകാ"രണി ചേരട്ടെ!

## 11 പ്രേതമഞ്ചത്തിൽനിന്നും*

ഗ്ലീലത്തടാകത്തിൻ തീരത്തുയന്നുള്ള
ചേലേഴും കുന്നിൻചെരുവിലൂടെ
കാലിത്തൊഴുത്തിൽ പിറന്നുള്ള ചിൽക്കാതൽ
കാൽനടയായി ഗമിച്ചിടുമ്പോരം
ഷഡ്പ്പദവൃന്ദം മരന്ദംനുകരുവാൻ
പുഷ്പത്തിൻചുററും ചരിക്കുംപോലെ
ആധിയും വ്യാധിയും തൊട്ടുള്ളനത്ഥങ്ങരം
ബാധിച്ച മാനവരൊട്ടനേകർ

* വിശുദ്ധ ലൂക്കാ 7–ാം അദ്ധ്യയം 12–16. വാക്യങ്ങരം 1959 ലെ കുടുംബദീപത്തിൽ പ്രസിദ്ധം ചെയ്യതു്.

ദു:ഖോപശാന്തിക്കാ കാരുണ്യമൂർത്തിതൻ
തൃക്കാല്ക്കൽ നമ്പിയകമ്പടിയായ്
നാഥൻെറ ദിവ്യമാം സാന്നിദ്ധ്യംകൊണ്ടവർ
ആ തങ്കമേതുമറിഞ്ഞിടാതെ
മെല്ലെയ'ക്കഫർനാം' വീഥികടന്നിട്ട്
ചൊല്ലേറും'നെയ്യ്'ൻ സമീപമെത്തി
പട്ടണപ്രാന്തത്തിൽ കെട്ടിപ്പടുത്തുള്ള
കോട്ടവാതുക്കൽ പ്രവേശിച്ചപ്പോൾ
പെട്ടെന്നു നിന്നവർ നിശ്ചലരായുള്ളം
പൊട്ടുമാറുള്ള വിലാപംകേട്ട്
സന്താപം മൂർത്തിമത്തായതുപോലൊരു
താന്തയാം തായാർ മാറത്തലച്ചും
പൂന്തിങ്കൾമേഘത്തിൽ പൂണ്ടപോലാനനം
കുന്തലഴിഞ്ഞതിൽ പെട്ടൊളിഞ്ഞും
ഭർത്തൃവിയോഗത്തിൽ താങ്ങായിനിന്നൊരു
പുത്രനിര്യാണവും കാണുകയാൽ
സഹ്യമല്ലാതുള്ള സന്താപവാഹിതൻ
ജിഹ്വയാലാക്രാന്തയായപോലെ
പുത്രൻെറ ഗാത്രത്തെ സംസ്കരിച്ചീടുവാൻ
മിത്രങ്ങളൊത്തു ചരിച്ചീടവെ
ആകുലചിന്തതന്നാവിലാപധ്വനി
ആവിയമ്മണ്ഡലം ഭേദിച്ചത്രെ
കാരുണ്യക്കാതലാം മേശുശ്രുവിച്ചൊരാ-
പാരം ദയനീയമാം പ്രലാപം
ശാസ്ത്രത്തിൽ വ്യമോഹം മൃത്യുവോളംമാത്രം
സാദ്ധ്യമൊ ജീവനെ വീണ്ടെടുക്കാൻ?
നാസ്തിക! താഴ്ത്തുകനിൻതലദൈവമാം
ക്രിസ്തുവിൻ ശക്തിയെ കാണുകനീ.
താണോരെ താങ്ങുവാൻ കാലിത്തൊഴുത്തോളം

താണോരത്തമ്പുരാൻ കാരുണ്യാർദ്രൻ
അത്തലിൻഗർത്തത്തിലാണ്ടു കുഴങ്ങിയൊ
രസ്ഥലത്തെത്തി സ്വശിഷ്യരുമായ്
ലോകവും, നാകവും, മൃത്യുവും, ജീവനും
ശോകവും, തോഷവുംചേൻപാരം
സാരഗംഭീരമായുള്ള സംരംഭത്തിൽ
പ്രരംഭമായിഭവിച്ചാരംഗം
ആകെയഭൗമീകമായ പ്രതീതിയാ
ലാകീർണ്ണമായുടനാപ്രദേശം
നിര്യാതനായ കുമാരനെ മഞ്ചക്കാർ
പര്യാകുലംപൂണ്ടു സംവഹിച്ചു
ബന്ധുമിത്രാദികളൊക്കെക്കരഞ്ഞേററം
സന്തപ്തരായിട്ടു പിന്തുടർന്നു
കണ്ണുനീർവാർത്തുകരയും വിധവയിൽ
വിണ്ണവർനാഥൻ തൃക്കണ്ണയച്ചു.
മുന്നോട്ടുനീങ്ങിയ മഞ്ചത്തിൽതൃക്കരം
വച്ചുടൻ സർവ്വേശസൂനുവീശൻ
'ചിക്കെന്നുണരന്നെഴുന്നേൽക്കുകബാലക'?
തേഞ്ചോരും വാക്കുകളോതിയേവം!
ഹാ! ഹാ! മഹാത്ഭുതം! പ്പെട്ടെന്നബാലനീ
യാഹ്വാനം കേട്ടിട്ടെണീററിരുന്നു!
താന്തയാം തള്ളക്കു പുത്രനെ നൽകിയ
കാരുണ്യക്കാതൽ കടന്നുപോയി

## 12 മോഷ്ടാവ്

*1മോഷ്ടാവേ! കൊടുംപാപി! അക്രമീ! പെരുങ്കള്ളാ!
ക്രൂരമാം കരത്തിലാ ജീവനൊന്നമന്നല്ലോ!
എളിയ സ്വരമൊന്നു മുഴങ്ങുന്നന്നക്ഷണം
തെളിവാൻതരപ്പെത്തും മാറെറാലിക്കൊള്ളുന്നെങ്ങും

"പാരിതിലുണ്ടോ നീതി, സ്നേഹവും സന്തുഷ്ടിയും?
ഈശനിന്നുണ്ടോ സ്ഥാനം, മാനവചേതസ്സിങ്കൽ?
ദൃഷ്ടികൾക്കദൃശ്യനാം പ്രപഞ്ചസ്രഷ്ടാവിനെ
സൃഷ്ടിയിലെളിയഞാൻ, കാണുന്നീ പൂവം*2തന്നിൽ
നീതിയില്ലാത്തജനം ക്രൂശിച്ചോരീശനല്ലൊ
പൂജ്യമീയൾത്താരയിൽ മർത്ത്യൻതൻ മദ്ധ്യേവാഴ്വൂ!
സ്വർഗ്ഗയാത്രയിലെൻെറ സന്തത സഹചാരി
അ ന്നണഞ്ഞീടും ക്ലേശങ്ങളല്ലേ പാരിൽ
ധൈര്യമാർജ്ജിച്ചീടുവാനരികത്തണഞ്ഞു ഞാൻ
മന്നിലെൻ ശക്തികേന്ദ്രം സക്രാരി നാഥൻതന്നേ.
എന്നാത്മനാഥനങ്ങ്, എന്നാത്മജീവനങ്ങ്
എന്നുള്ളം കവരുന്ന സ്നേഹവുമങ്ങുന്നല്ലോ

---

1* അൾത്താര അലങ്കരിച്ച പൂക്കളിൽനിന്ന് ചെറിയ കറുത്തുറുമ്പ് സക്രാരിയിൽ കയറി. അൾത്താരശുശ്രൂഷി, അതിനെ പിടിക്കുന്നു.. ദൈവചിന്തയിൽ ലയിക്കുന്നതിനോ, ദൈവസാന്നിദ്ധ്യത്തിൽ ആനന്ദിക്കുന്നതിനോ, ഏകാഗ്രമായി ഒന്നു പ്രാർത്ഥിക്കുന്നതിനോ ഒന്നും സമയവും, മനസ്സുമില്ലാതെ, ജോലിയിൽ മാത്രം വ്യഗ്രതപൂണ്ട് അസംതൃപ്തരായലയുന്ന സഹജരെ, ആ എറുമ്പ് പരിഹസിക്കുന്നു.

2* പൂവം:– അന്ത്യ അത്താഴത്തിൽ, അപ്പവും, വീഞ്ഞും യേശു, സ്വന്തശരീരവും, രക്തവുമാക്കി സ്വശിഷ്യന്മാർക്കു നൽകി. വൈദീകൻ ദിവ്യബലിയർപ്പിക്കുമ്പോൾ അന്നേപ്പോലെ അപ്പവും, വീഞ്ഞും യേശുവിൻെറ സജീവ ശരീര രക്തങ്ങളായി രൂപാന്തരം പ്രാപിക്കുന്നു. ആ ദിവ്യ പൂവം സക്രാരിയിൽ പൂജ്യമായി സൂക്ഷിക്കുന്നു. ആ ദിവ്യ സാന്നിദ്ധ്യത്തിൽ വിശ്വാസികൾ ആശ്വാസവും ആനന്ദവും നുകരുന്നു.

അക്കരെംചമച്ചൊരു കാട്ടുറുമ്പല്ലൊ ഞാനും!
ഒന്നുഞാൻ നമിക്കട്ടെ! കാഴ്ചയൊന്നണക്കട്ടെ
മാനവനുണ്ടോനേരം,ഇന്നിങ്ങൊന്നെത്തിനോക്കാൻ?
ഞാനങ്ങേസവിധത്തിലണഞ്ഞു,തെറ്റെന്തിതിൽ?''

## 13. പെസഹാത്തിരുനാൾ*

ആഗതമായി പെസഹാസുദിനം
പോകാം ജറുസല നഗരംതന്നിൽ
അവിടെത്തിരുനാളാഘോഷിപ്പാ
നെവിടുന്നെല്ലാമാളുകളെത്തും.

ജോലികൾ മാലുകളൊക്കെയൊതുക്കി
കാലേകൂട്ടിയിറങ്ങി ജനങ്ങൾ
സത്രംപോലും കിട്ടാത്തതിനാൽ
മിത്രരുമൊത്തവർ കുടിലുകൾകെട്ടി.

വൃദ്ധന്മാരുണ്ടനവധി പുരിയിൽ
വൃദ്ധകളും കുറവില്ലവിടൊട്ടും
ഏറെയായ് ഏറെയായ് സുന്ദരവിഡ്ഢ്ഢിക–
ളത്തറുപൂശി വരുന്നതുകണ്ടോ?
അവിടെനടക്കും കോലാഹലമതു
വിവരിച്ചീടാൻ തൂലികപോര.

ഇന്നുള്ളതുപോൽ പള്ളികളനേകം
അന്നില്ലതുബഹു വിരളംതന്നെ
അതുകൊണ്ടാവാമാളുകൾകൂട
ന്നിതുപോൽ തിരുനാളാഘോഷിപ്പാൻ.

കാറുകളില്ല, മോട്ടോർബസ്സുക–
ളേറോപ്ലേയിനില്ലവിടെച്ചെല്ലാൻ

---

*1 പഴയനിയമകാലത്തേ ഓർശലം പെസഹാത്തിരുനാൾ.

താറിട്ടഴകിയ റോഡുകളില്ലാ
ലൈററുകരംമിന്നും വീഥിയുമില്ല.
ഇന്നോലോകം സംസ്കാരത്തിൻ
പൊന്നിൻകതിരൊളി വീശിയകാലം
പക്ഷികരംപോലെ പാറിപ്പാറി
ട്ടിക്ഷിതിവിട്ടു പറന്നുയരുന്നു.
പാത്തകരംപോലെ ജലത്തിൻമീതെ
തത്തിത്തത്തിപ്പായും കപ്പൽ
കടലിന്നടിയിൽക്കൂടിഗമിപ്പാ—
നന്തർവാഹിനിയിന്നുണ്ടല്ലൊ
ടെലിവിഷനെന്നിവയെല്ലാമുണ്ടു്
ചന്ദ്രനിലെത്താൻ റോക്കററുണ്ടി—
ന്നിന്ദ്രനുപോലും ഭയമുളവാകും
എന്നിനുപറയുന്നധികം ചിന്തി—
ച്ചെന്തിനു സമയം കവരുന്നേവം.

II

അഹമഹമിക പൂണ്ടാളുകരം തിരുന്നാരം
മഹമതിലെത്തിയ നേരം മിശിഹാ
പരിവാരങ്ങളുമൊത്തവിടെത്തി
കരുണാവാരിധി മേരീതനയൻ
പരിപാടിയിദം കണ്ടൊരു നേരം
കരുണാമയനൊ പരവശനായി,
കനകകവാടം താണ്ടിയ നേരം
കാഞ്ചനമയമായത്തിരു വദനം
കോപം പൂണ്ടു വിറച്ചു ശരീരം.
താപംകൊണ്ടഥ മിഴിനീർ തൂകി
എന്താണിതിനുടെ കാരണമോതാം
ചന്തസ്ഥലമൊ തൻതിരുഭവനം

ആട്ടുകഠം, മാട്ടുകളൊട്ടുകമനവധി
മാടത്തക്കിളി, മൈലുകഠം, മൈന
ചട്ടികഠം, കുട്ടകമെന്നിവയെല്ലാം
ചിട്ടയിലവിടെ നിരന്നു കഴിഞ്ഞു
പ്രാക്കളെ വില്ക്കുന്നൊരുവൻ പിന്നെ
പോക്കുകളേയും വില്ക്കുന്നപരൻ
നാണയമാററക്കാരുടെ മേശക-
ളണിയണിയായിക്കാണാമെങ്ങും.
എന്തൊരു ബഹളം ദേവാലയമതു
ചന്തസ്ഥലമാണെന്നേ തോന്നൂ
വരദായകനാം പരമേശ്വരനീ
തിരുനാഠം രീതികഠം കണ്ടൊരു നേരം
കരളിൽ കണയേററതുപോൽ പാവന
ചരിതന്മാകുലമാനസനായി.
കവിളിണ മിഴിനീർ കൊണ്ടു നനഞ്ഞു
പവിഴച്ചുണ്ടുകഠം വിറപൂണ്ടുടനെ
വദനം കോപംകൊണ്ടു ചുവന്നു
കദനക്കടലോ തീക്കടലായി.
*തൃക്കരമൊന്നിൽ ചാട്ടയുമേന്തി
ചിക്കന്നെത്തി ജനമദ്ധ്യത്തിൽ
പള്ളിയിലുള്ളൊരു വ്യാപാരികളുടെ
യുള്ളിൽക്കിടിലം, ചാട്ട കുലുങ്ങി.
അരുളിച്ചെയ്തിതു ഭഗവാൻ മിശിഹാ
സുരലോകാധിപനവരോടേവം.
"എന്നുടെ താതൻ കുടികൊള്ളുന്നൊരു
മന്ദിരമാണിതറിഞ്ഞോ നിങ്ങഠം?"
എന്നരുഠം ചെയ്തഥ പിന്നെയുമീശ്വര

---

*2 വിശുദ്ധ യോഹന്നാൻ അദ്ധ്യ: 2/ വാക്യങ്ങഠം 14–16 വരെ.

നന്ദനനുടനെ തല്ല് തുടങ്ങി
ചാട്ടയ്ക്കുള്ളടിയേററതു മൂലം
പാററകഠംപോലെ പരക്കംപാഞ്ഞു.
വേദന സഹിയാതോടുന്നവരുടെ
രോദനമൊന്നേ കേഠംക്കാനുള്ള
വില്ക്കുന്നവരും വാങ്ങുന്നവരും
നില്ക്കാതോടി പമ്പകടന്നു.
ഓടിച്ചിലരുടെ കാലുകളിടറി
വീടുകഠം പൂകാനെളുതല്ലുടനേ.
ആടുകഠം മാടുകഠം ഒട്ടകമെല്ലാം
പേടിച്ചോടിയകന്നു മറഞ്ഞു.
കൂടുകഠം വിട്ടു പറന്നുയരുന്നു
മാടത്തക്കിളി മൈന പ്രാവും
കോപം സഹിയാഞ്ഞുടനെ മിശിഹാ
വ്യാപാരികളുടെ മേശമറിച്ചു
അവിടെ കണ്ടൊരു നാണയമെല്ലാ—
മവിടുന്നുടനെ തട്ടിയെറിഞ്ഞു.
ദുഷ്ടരെ രക്ഷിച്ചഖിലേശപരനും
ശിഷ്ടരെ മാടി വിളിക്കുകയല്ലീ
വരുവിൻ വരുവിൻ സോദരരേ നാ—
മരുതെ പാപം ചെയ്തീടരുതേ.
പാപികളാകിയ ജനകോടികളെ
പാപവിമോചിതരാക്കിത്തീക്കാൻ
പാരിതിൽ വന്ന ദയാപരനെ നീ
കനിവിലനുഗ്രഹമരുളീടേണം.

# 14. അജ്ഞാതവിദ്യാലയം

സ്രഷ്ടാവിൻ കല്പന വിട്ടകന്നീടുന്ന
കഷ്ടമഹങ്കാരത്തള്ളലാലേ
സ്വാത്മാഭിലാഷത്തിലാഴുന്ന മർത്ത്യരും
ക്ലേശങ്ങൾ വന്നിങ്ങു തിങ്ങിടുന്നു.
വേദന ചൂഴുന്ന മാനവമക്കളെ
നാനാഗണത്തിലും കാണാമെങ്ങും
ഭീരുക്കളായോരോ ഭാരം വഹിപ്പോരും
നൈരാശ്യഗർത്തത്തിൽ താഴുവോരും
പേരും പെരുമയുമാർജ്ജിക്കാനായെന്നും
ധീരത ഭാവിച്ചു പായുവോരും
പാരിൽ നരനവകാശമെന്നോർത്തിങ്ങു
യാതനയേതും സഹിപ്പവരും
ഈശ്വരചിന്തയിൽ ക്ലേശത്തിൻ കല്ലോലം
ശാന്തമായ് നീന്തി മുന്നേറുവോരും
യേശുവിൻ ചേവടി പിൻതുടർന്നേതൊന്നും
സ്നേഹത്തോടാശ്ലേഷിച്ചീടുവോരും.

## II

വിജ്ഞാനദീപ്തിയിപ്പാരാകെ വീശുന്നൊ—
രജ്ഞാത സ്കൂളല്ലേ ക്ലേശം പാർത്താൽ
തെല്ലും വഴങ്ങാത്ത കാട്ടാളബുദ്ധിയെ
തല്ലിയൊരുക്കുന്ന ക്ലേശമേറെ
ഭൗതികവാദികൾക്കഗ്രാഹ്യമായുള്ള
ഗ്രന്ഥത്തിലൊന്നെന്നും ക്ലേശമല്ലൊ.
പാരിലഹന്തയാം രോഗത്തിന്നൗഷധം
ഓരോരോ ക്ലേശങ്ങളല്ലേ നേരിൽ?
ചേലഞ്ചും പുഞ്ചിരി തൂകുമീ ലോകത്തിൽ
വഞ്ചന തഞ്ചാത്ത മിത്രം ക്ലേശം;

ഊഴിതലത്തിലെ കോലാഹലമെല്ലാം
സ്വപ്നമെന്നോതുന്ന ധാത്രിക്ലേശം;
ഗോപനമാം നിധി സംവഹിച്ചീടുന്നോ—
രക്ഷയപേടകം ക്ലേശമല്ലോ
മാനവർ സ്വാതന്ത്ര്യത്തിലാടിമറിയുമ്പോഴും
നീതി പുലത്തുന്ന ജഡ്ജിക്ലേശം
ശാസ്ത്രീയ നോട്ടങ്ങൾ 'നോട്ട'ത്തിലാക്കുന്ന
ശ്രേഷ്ഠമാം 'ലാബ'ല്ലെ ക്ലേശം സാക്ഷാൽ
പാരിൽ മഹാരഥന്മാർ വിളഞ്ഞീടുന്ന
ചാരുഖനികളും ക്ലേശമല്ലൊ
സ്നേഹമളക്കുവാനൊത്ത മുഴക്കോലും
ക്ലേശങ്ങളല്ലയൊ പാരിലാർക്കും
ത്യാഗത്തിൻ പാവനത്തൂട്ടുകൾ വാക്കുവാ
നേകമാം കമ്മട്ടം ക്ലേശമല്ലോ
ആർദ്രതയാം ജലം വററാതൊഴുകുന്ന
പൂഞ്ചോലയല്ലയോ ക്ലേശം പാരിൽ
നാകവും ലോകവും ബന്ധിച്ചുറപ്പിക്കും
കാഞ്ചനശൃംഖല ക്ലേശമല്ലേ?
യേശുവിപ്പാർത്തട്ടിൽ വന്നിറങ്ങീടിന
ചാരുവാമേണിയും ക്ലേശമല്ലെ?
മാനവമക്കളെ വാനിൽപ്പറപ്പിക്കും
പാവനത്തേരല്ലെ ക്ലേശം നേരിൽ
നിത്യമാം ഗേഹത്തിലെത്തുവാനാവേശം
മർത്ത്യരിൽ ത്തുകുമമൃതംക്ലേശം
സിദ്ധരാം വണ്ടുകൾ സാമോദം തേടുന്ന
മുഗ്ദ്ധസുമങ്ങളും ക്ലേശമല്ലെ

III

ക്ലേശമണയാത്ത ജീവിതമൊന്നുണ്ടോ?
ശാന്തിതൻ ഗേഹവും പാരിലുണ്ടോ

ഉള്ളറയ്ക്കുള്ളിലെ 'കൈത്തിരി' മങ്ങുമ്പോഴും
പൊള്ളയാം ഭീതിയും കുന്നുകൂടും
സാന്ത്വനമേകുന്ന ചിന്തയിലേറണം
ആകുലരായിട്ടലഞ്ഞിടാതെ
ക്ലേശത്തിൻ സങ്കല്പകോട്ട ചമയ്ക്കാതെ
അന്നന്നു ജീവിതം കാമ്യമാക്കാം.
തന്നെക്കാളേറെ സഹിച്ചോരെ കാണുകിൽ
തെല്ലുതണുക്കും തന്നന്തരാളം
സ്നേഹവും ത്യാഗവും കോർത്തിണക്കീടുകിൽ
ക്ലേശങ്ങളൊട്ടകന്നീടും പാരിൽ
സ്വാർത്ഥത്താൽ പങ്കിലമാകാത്തസേവനം
ക്ലേശങ്ങളെങ്ങും തുടച്ചുമാററും
ക്ലാന്തരെത്തേടിപ്പരിചരിച്ചീടുവോർ
വാനവദൂതരാണെന്നും പാരിൽ
ശോകത്തിൽമുങ്ങിക്കുളിച്ചോരെ'ഡിസ്സനെ'
ലോകത്തിലാർക്കെന്നു വിസ്മരിക്കാം.
എബ്രഹാംലിങ്കനും ഗാന്ധിയമ്മാവനും
ഭുവിലെ ദീപങ്ങളല്ലേ പാർത്താൽ
സന്താപസന്തോഷ സമ്മിശ്രമീലോകം
നീന്തണം മർത്ത്യനവശ്യമീതേ
സ്നേഹമാം ദൈവത്തെ സ്നേഹിക്ക മർത്ത്യരിൽ
സ്നേഹിക്ക ജീവിത ക്ലേശങ്ങളെ!

---

1962 ലെ ദീപികയുടെ വിശേഷാൽ പ്രതിയിൽ പ്രസിദ്ധം ചെയ്തതു്.

# 15. വെള്ളക്കുഴിയിലെ വെള്ളിത്താരം

മിന്നിത്തിളങ്ങുന്ന മാണിക്യക്കല്ലുകൾ
തുന്നിവിരിച്ചിട്ടൊരുപോലെ
ചേലഞ്ചും പുഞ്ചനിലങ്ങളിൽ നെൽക്കതിർ
വാരിളംതെന്നലിലാടിടുന്നു.
രത്നക്കുലകളാം തൊങ്ങലിണങ്ങിയ
മുത്തുക്കുടകൾ നിവർത്തപോലെ
നീളെ തുരുത്തുകൾതോറും വളരുന്നൂ
കേരളനാട്ടിലെ കല്പകങ്ങൾ.
വെള്ളം കരയോടിടകലർന്നങ്ങനെ
ഉല്ലസിക്കും 'കുട്ടനാടി'തത്രെ!
തേനൊഴുകീടും കൃനാൻപോലെ ശോഭിപ്പൂ
മാനവൻ നിർമ്മിച്ച കുട്ടനാട്
കേരളനാടിൻെറ കണ്ഠത്തിൽ മിന്നുന്ന
ഹീരപ്രകാണ്ഡമീ കുട്ടനാട്!
ചിന്തും വിയർപ്പിനാൽ ധീരരാം കർഷകർ
സുന്ദരമാക്കിയ നാടിതല്ലൊ.
കല്ലോലമാലകൾ ചൂഴമീ നാടല്ലോ
നെല്ലറ നമ്മൾക്കു പണ്ടുപണ്ടേ.
ആരു വർണ്ണിക്കുമീ നാടിൻെറ സൗന്ദര്യ–
മാരോമലുണ്ണി വിതകഴിഞ്ഞാൽ
പച്ചവില്ലീസണിഞ്ഞീടിന സുന്ദരി
കൊച്ചുകുമാരി പറിച്ചുനട്ടാൽ
ചാലെ പവിഴമണികളണിഞ്ഞൊരു
ശാലീനയാണവൾ കൊയ്ത്തുകാലെ
എങ്ങുമഴവിൻെറ ചാലുകളാൽജ്ജര
തിങ്ങിയ മുത്തശ്ശിയായിപിന്നെ
കന്യകസൂനോ നിന്നുജ്ജലസ്നേഹത്തി
ലെന്നുടെ നാടെന്നും വാണിടട്ടേ.

II

ഇന്നുമനോഹര മാകിയകുട്ടനാ—
ടന്നൊരുവെള്ളപ്പരപ്പുമാത്രം
കൊള്ളക്കാരാകും 'മുതല', 'ചീങ്കണ്ണികരം'
പിള്ളേരെപ്പോലും വിഴുങ്ങുംകാലം
വമ്പതപമേറുന്ന 'പമ്പാ'തൻതീരത്തു
ചെമ്പൊന്നണിയുന്ന പാടങ്ങളാൽ
സമ്പൽസമൃദ്ധമാം 'കൈനകരി'യെന്ന
സുന്ദരഗ്രാമം പരിലസിപ്പൂ.
'ചാവറ'യെന്ന കുടുംബമവിടെയു
ണ്ടായതിൻമൂലം 'പകലോമററം'
അമ്പിളിപോലൊരു തങ്കക്കുടത്തിനെ
തമ്പുരാൻ ചാവറക്കാർക്കു നൽകി.
ഓമനപ്പൂമൊട്ടുപോലെ നിരന്തരം
ഓമനക്കുട്ടൻ വളർന്നുവന്നു.
അച്ഛനുമമ്മേക്കുമാനന്ദചന്ദ്രനായ്
കൊച്ചുമകൻ പിച്ചവച്ചുപിന്നെ
ചേലോടുകമ്മലസൗധം പണിയുവാൻ
കാലടിയോരോന്നുറപ്പിക്കുംപോൽ.
അഞ്ചുവയസ്സുതികഞ്ഞപ്പോളക്ഷരം
പിഞ്ചുകരത്താൽ വരച്ചു ബാലൻ.
ഉത്സാഹമോടെ പഠിക്കയാലേവക്കും
വത്സലൻ നല്ലൊരു മിത്രമായി
തൻപ്രിയ താതൻെറ മററൊരു രൂപംപോൽ
തമ്പുരാൻ തന്ന നിധികണക്കെ
പത്തുവയസ്സായ ബാലകൻ ശോഭിച്ചു
സദ്ഗുണസമ്പന്നൻ ദൈവഭക്തൻ.
മത്തുപിടിപ്പിക്കും യവ്വനശ്രീവന്നു
നൃത്തം നടത്താൻ തുടങ്ങിയപ്പോരം

നീർക്കുമിളയ്ക്കു സദൃശ്യമാം ഭൗതിക
ഭാഗ്യങ്ങളെല്ലാം ത്യജിച്ചുബാലൻ.
സച്ചിതാനന്ദസ്വരൂപൻെറ പാദത്തി–
ലർപ്പിച്ചു ജീവിതമെന്ന പുഷ്പം!

## III

സംസാരസാഗര കല്ലോലമാലയിൽ
ഹംസംപോൽ നീന്തിപ്രശാന്തനായ്
സത്യസ്വരൂപനിലാനന്ദലീനനായ്
ഉത്തുംഗഭാഗ്യത്തിൽവാഴുംതാത!
വാഴ്ത്തുന്നുസ്നേഹസ്വരൂപനാമീശനെ
പാത്തലവാസികളങ്ങുമൂലം.
*ഇന്നുനിൻ ഭാഗ്യാതിരേകത്തിൽ മന്നിലെ
നന്ദനരാമോദപൂർണ്ണരായി.
വാനിലെ വീരപ്രസൂനമേ ദാഹിക്കും
ഭാരതഭൂവിൽ നിൻ തേൻപൊഴിക്കു

*      *      *      *

പണ്ടാഗമിച്ചാര്യർ; ദ്രാവിഡബന്ധത്തി–
ലുണ്ടായി ഹൈന്ദവർ ഭാരതീയർ
ക്രിസ്താബ്ദമൻപത്തിരണ്ടിലാ'മാർതോമ'
ക്രിസ്തുവിൻ ദീപംകൊളുത്തിനാട്ടിൽ
'കാളിയും' 'കള്ളിക്കാവും' 'പകലോമററം'
'ശങ്കുരി' തൊട്ടുകുടുംബമെല്ലാം

---

* അൾത്താരയിൽ വണങ്ങപ്പെടുന്ന, പുണ്യവാന്മാരില്ലാത്ത ഭാരതത്തിൽ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, ആ പുണ്യപദവിയിലേയ്ക്കു്, പടിപടിയായി ഉയർന്നുവരുന്നു.

ക്രിസ്തുവിൽ ജ്ഞാനം നുകർന്നപ്പിതാക്കൾതൻ
പുത്രപരമ്പര ക്രൈസ്തവരും!
ഭാരതഹൈന്ദവരക്തമൊഴുകുന്നു
പേരെഴും ക്രൈസ്തവർ തന്നിലിന്നും!
പാലയൂരമ്പലം പള്ളിയായ് തീർന്നിട്ടു
കാലങ്ങളെത്ര കടന്നുപോയി!
രക്ഷകനന്നക്ഷയമുദ്ര പതിഞ്ഞവർ
ക്രൈസ്തവരായന്നാഭാരതത്തിൽ
പിന്നെയണഞ്ഞ മുഗളർ മുഹമ്മദിൻ
സന്ദേശമെത്തിച്ചീ ധർമ്മഭൂവിൽ!
ഭാരത മാതാവിൻ തൃമടിചേരുന്ന
വീരരാം വത്സലർ നമ്മളെല്ലാം!
ജാതി, മത. ഭേദചിന്ത കലരാതെ
ഭ്രാതാക്കളായിക്കഴിഞ്ഞിടുന്നു.
വൈവിധ്യമദ്ധ്യത്തിലൈക്യം പുലർത്തുന്ന
ഭാരതമാതാവേ! വെൽക! വെൽക!
നീതിയും ശാന്തിയും മിന്നിത്തിളങ്ങുന്ന
പാതയിലൂടെ നീ പോകതായേ.
നീയേകി സ്വർഗ്ഗത്തിനിന്നു വിശുദ്ധിതൻ
ശ്രീയാർന്ന രത്നങ്ങളൊട്ടനേകം
ഭാരത കർമ്മൽ സഭയുടെ സ്ഥാപകൻ
ഏലിയാസച്ചനതിൽ പ്രമുഖൻ.

## 15. 'ജോഡാ'

ക്ഷേമമോ സഹോദരി, കത്തിനു നന്ദി മോദാൽ
'മഹിളാരംഗ'മിന്നീ ജോഡായിൽ പറന്നെത്തി
ഈരടി ചമയ്ക്കുവാൻ നേരമില്ലാത്തോരെൻെറ
തൂലിക ചലിക്കുന്നു; ഭാവുകം നേരുന്നുഞാൻ.

സസ്യശ്യാമളമല്ലോ കേരളമെന്നും പാർത്താൽ
ഇമ്പമാം കാലാവസ്ഥ കേരളക്കരയ്ക്കെന്നും
കേരവൃക്ഷങ്ങളില്ല 'തോട്ടങ്ങളില്ല'ങ്ങോതാൻ
ഉഗ്രമാണുഷ്ണശൈത്യകാലങ്ങളെല്ലാംതന്നേ
ഭൂദേവി നിക്ഷേപിച്ചീ ജോഡായിലിരുമ്പെങ്ങും
മധുമോഹനമായ ദൃശ്യങ്ങൾ തിങ്ങുംദേശം
ശാന്തത തിങ്ങീടുന്ന കുന്നുകൾ മതിൽ തീർപ്പൂ
യന്ത്രങ്ങളനസ്യൂതം തമ്പുരു മീട്ടുന്നിമ്പം
സൗന്ദര്യം തുളുമ്പുമീ മാമലനാട്ടിലാകെ
ഭാരതസുതരേക മേൽക്കൂരയ്ക്കുള്ളിൽ ജോലി
ചാരത്തായുള്ള ബംഗാൾ ശത്രുതയ്ക്കാസ്ഥാനമായ്
നിഗ്രഹിച്ചിടുന്നല്ലോ സഹജരഹോരാത്രം.
'ടാട്ടാ' തൻനേട്ടം നാട്ടിലൈശ്വര്യം പുലർത്തുന്നു
ടിസ്കോയിൻ മടിത്തട്ടിൽ രാപകൽ മർത്ത്യർ ജോലി
ഭാസ്കരനൊളിക്കുമ്പോൾ 'ഹിൽട്ടോപ്പി'ലേറി
നിന്നാൽ
കാണുന്ന കാഴ്ചയെല്ലാക്കരളും കവർന്നിടും!
നക്ഷത്രജാലതുല്യം വൈദ്യുത ദീപങ്ങളും
പാലൊളി തൂകിക്കൊണ്ടിക്കാടാകെ പ്രശോഭിപ്പൂ
സൗധങ്ങളണിചേർന്ന ബ്ലോക്കുകളെങ്ങും കാണാം
ആദിവാസികൾതങ്ങും ഗ്രാമങ്ങളങ്ങിങ്ങായും
ഈശ്വരൻ തന്ന ബുദ്ധിപ്രാഭവം പുലർത്തുമ്പോൾ
പട്ടിണിപ്പാവങ്ങൾതൻ ജന്മനാടുയർന്നിടും
ഓമനക്കുട്ടരാണീ സ്കൂളിലെ പുത്രീപുത്രർ.
ആംഗലഭാഷയവരുരപ്പതിമ്പം കേൾക്കാൻ

---

20–11–71–ൽ ശ്രീമതി നളിനി ശ്രീധരനയച്ചുകൊടുത്ത കത്ത്. മഹിളാരംഗത്തിൽക്കൂടി ജോഡായിൽ പറന്നെത്തി.

ഒറിയ, ബംഗാളിയും, ഹിന്ദിയും പേശും മർത്യർ
സ്നേഹത്തിൻ പ്രശാന്തത ജോഡായിൽക്കാണാമിന്നു്
സോദരവൃന്ദങ്ങളിലീശനെ ദർശിച്ചിങ്ങും
സേവനം മഹോന്നതനർപ്പിക്കുന്നാമോദത്താൽ.

## 17. മുക്കവത്തോണിയിലെ മത്സ്യോത്സവം

ഏകാന്തമാംമല തന്നിൽമറഞ്ഞേശു
ഏകനായ് പ്രാൎത്ഥിക്കുന്നേകാഗ്രമായ്
ലോകരുറങ്ങിക്കിടക്കുന്നനേരത്തു
ലോകേശൻ ധ്യാനനിമഗ്നനായി
പൊങ്കിളിക്കൂട്ടം മണിവീണമീട്ടിയും
പൂങ്കുലത്തൊത്തുകൾ നൃത്തംവച്ചും
പൈങ്കുളിർ മാരുതൻ ചാഞ്ചാടിയാടിയും
സങ്കടമർത്യനെ ശുശ്രൂഷിപ്പൂ.
ഭൂപാലനേശുവിൻ പ്രാൎത്ഥനജന്യമാം
സാഫല്യംകിട്ടേണ്ടും പാപിഷ്ഠന്മാർ
നിദ്രയിലാണ്ടു സുഖമായ്ക്കിടക്കുന്ന
ചിദ്രൂപൻ അൎത്ഥനായജ്ഞത്തിലും
പ്രാൎത്ഥനവിട്ടുഗമിച്ച'ദിവാകരൻ'
'ബെത്തുസൈഡാ' ദേശത്തുദിച്ചയന്നു.
അത്തീരദേശവും, വള്ളവും വെള്ളവും
ഉത്തുംഗമായൊരു ശോഭപൂണ്ടു.
കൂരിരുളോടുന്നു, താരങ്ങൾ മങ്ങുന്നു
പാരുണർന്നുന്മേഷം പൂണ്ടിടുന്നു.
മാൎത്തണ്ഡൻ വൈദ്യുത ദീപം തെളിക്കുന്നു
മർത്ത്യൻ നവജീവൻ പ്രാപിക്കുന്നു
മല്ലിക, മുല്ലകൾ തൂമണം തൂകിട്ടാ—
വല്ലികൾതോറും വിടിർന്നിടുന്നു,

പുൽക്കൊടിത്തുമ്പിലെ മഞ്ഞിൻകുമളകൾ
അർക്കാഭയേററു തിളങ്ങിടുമ്പോൾ
ആയിരമായിരമാലക്ത ഗ്ലോബുകൾ
കായലിൻവക്കിനെ കമ്രമാക്കി.
അക്കായൽത്തീരത്തേ ഭൂരുഹസഞ്ചയം
പൂക്കളെ തോരണമായിരുക്കി.
പൂംതൊത്തുതോറും ചരിയുന്ന വണ്ടുകൾ
മന്ത്രിക്കുന്നെന്തോ രഹസ്യംനീളെ!
നേത്രാഭികാമ്യമായ് പാറിപ്പറക്കുന്ന
ചിത്രശലഭങ്ങൾ വാനിലെല്ലാം
ആലോലത്തെന്നലിലത്തീരത്തങ്ങിങ്ങായ്
ജോലിക്കാർ, തോണിക്കാർ കൂട്ടരൊത്തു,
വേലകഴിഞ്ഞിട്ടക്കീറിക്കുരുങ്ങിയ
ജാലിങ്ങൾ നന്നാക്കിക്കൊണ്ടിരുന്നു.

* * *

അക്കായൽവക്കിലെ മുക്കവ വർഗ്ഗത്തിൽ
മുഖ്യനാം പത്രോസുമന്ത്രയോസും
അത്തലേ രാവിൽ വലയും തുഴയുമായ്
'ഗണസ്സര'ത്തിൻ കടവിലെത്തി
വള്ളത്തിലേറി മീൻതാവളം നോക്കിയ
വെള്ളപ്പരപ്പിൽ വല വിരിച്ചു
രാക്കാലമെല്ലാം ശ്രമിച്ചിട്ടുമന്നൊരു
കോക്കോലപോലും ലഭിച്ചതില്ല
കൂരാനു, മാച്ചാനും, സ്രാകുമകോലിയും
കോരുവലയിൽ കുടുങ്ങിടുമ്പോൾ
വാരിയെടുത്തവ വിററു പണംവാങ്ങി
കാര്യങ്ങൾ കാണ്മാൻ കിനാവുകണ്ടോർ
പാരം നിരാശരായ്, താന്തരായ്, ക്ലാന്തരായ്
സൂര്യോദയത്തിൽ പ്രത്യക്ഷരായി.

മാലക്കാററാലോലമാക്കിയ കായലിൽ
ചേലുററ സല്ലോല കല്ലോലങ്ങൾ
ബാലാക്കരശ്മിയിൽ ചാലവേ ചാഞ്ചാടി
പാലഞ്ചും പാൽസ്രാകിൻ പൈതങ്ങൾപോൽ
വെള്ളപ്പരപ്പിൽ പലമട്ടിലുള്ളോരാ
വള്ളത്തിൽ പാമരമാംധ്വജങ്ങൾ
പൊക്കത്തിൽ തൂക്കിയൊരോട്ടപാ ക്കൂട്ടമാം
വെൺകൊടിക്കൂറകൾ പേറിനിന്നു;
ഗണനസരത്തിനെ വിണ്ണാക്കാനെന്നോണം
വന്നുനിരന്നുവിൺ വെൺമേഘംമേൽ
വെള്ളനിറമുള്ളൊരക്കടൽ കാക്കകൾ
വെള്ളത്തിൻമീതെയണിനിരന്നു
സൽക്കാരമേശുവിനേകുവാനീവിധം
ശുഷ്കാന്തിപൂണ്ടു പ്രകൃതിയെല്ലാം
ആദിത്യശോഭയെ നിഷ്പ്രഭമാക്കുമാ–
റാദിവ്യദീപ്തിയിലേശുനാഥൻ
ആഗമിച്ചപ്പൊളാക്കായലിൻ തീരത്തു
ആഗമസൂക്തമരുളറായി.
ഏശുവിന്നത്ഭുതവർത്തനം കേട്ടവ–
ക്കാശനിറഞ്ഞുള്ളിലൊന്നുകാണ്മാൻ.
നെട്ടോട്ടം നാട്ടുകാർ പൂണ്ടുഗമിക്കുന്നു
ശിഷ്ടനാമീശൻെറ ചാരത്തേയ്ക്കായ്.
ആഴിതൻവക്കോള മേഴർ നിറഞ്ഞല്ലോ
താഴ്വരചൂഴമജഗണംപോൽ
വേഗമ ശീമോൻെറ മീൻവഞ്ചിതന്നിലേ
യ്ക്കാഗമിച്ചേശുകൃപാപയോധി
എന്നിട്ടരുൾചെയ്തു വള്ളം നയിക്കുവാൻ
മുന്നോട്ടങ്ങാഴമുള്ള സ്ഥലത്തു
പാരം പെരുകും ജനക്കൂട്ടം ദർശിച്ച
നീരന്ധ്ര കാരുണ്യപൂർവ്വം നാഥൻ

മർത്ത്യരെ സൃഷ്ടിച്ചു സംരക്ഷിച്ചീടുന്ന
നിസ്തുല്യതാതനാം ദൈവത്തിൻെറ
സ്തുത്യമാം രാജ്യവും ശക്തിയും വർണ്ണിച്ചു
നിത്യനാമങ്ങേററം ഹൃദ്യമായി
ചഞ്ചലം നീക്കുന്ന, വഞ്ചനമാറ്റുന്ന
നെഞ്ചതിൽ തഞ്ചും മധുമൊഴികൾ
പഞ്ചശീലാദിയാം സാരോപദേശങ്ങൾ
പഞ്ചഭൂതേശ്വരൻ നൽകിമോദാൽ
സ്വാരസ്യമോലുന്ന വാഗ്സുധാ കേട്ടപ്പോൾ
പാരം പ്രസാദിച്ചു മർത്ത്യരെല്ലാം
പടവുടൻ നീക്കിയിട്ടാഴത്തിൻ വലയിടാൻ
ഉടയവൻ കല്പിച്ചു പീററരോടായ്
സൂര്യകരങ്ങൾ ജലത്തിൽ കളിക്കുമ-
നേരമക്കാലമോ മത്സ്യവേട്ട!
ചിത്തത്തിനൊക്കാത്തീ കല്പന കേട്ടപ്പോൾ
ആത്തരണ്ടത്തുതസ്തബ്ധരായി
പത്രോസുരചെയ്തു രാത്രി മുഴുവനും
കർത്താവേ! ഞങ്ങൾ വല വിരിച്ചു
ഒന്നും ലഭിച്ചില്ല, മത്സ്യമില്ലീ ദിക്കിൽ
എന്നാലും കല്പന പോലെ ചെയ്യാം
മുന്നോട്ടു വഞ്ചിയെ വേഗം നയിച്ചവർ
ഉന്നതഭക്തർ വല വിരിച്ചു.
മച്ചിയാം വൃദ്ധയ്ക്കു പുത്രനെ നല്കിയോൻ,
പച്ചവെള്ളത്തെ നൽ വീഞ്ഞാക്കിയോൻ,
ശൂന്യതയിൽനിന്നും സർവ്വം ചമച്ചവൻ
കന്യതന്നുജനായ് ജാതനായോൻ
സഹരിതാനന്ദനാ കൊച്ചുമീൻ വഞ്ചിയിൽ
നിശ്ചലനായത നിന്നിടുന്നു
വേലയാൽ ക്ഷീണിച്ച തോണിക്കാർ തൽക്ഷണം
വേലം തുഴഞ്ഞു തുടങ്ങി ജോലി

വല്ലായ്മ നീക്കേണ്ടും വല്ലഭൻ വീക്ഷിച്ചു
അല്ലലിലാണ്ടോര മുക്കവരെ
ഒട്ടകലെയവർ ചെന്നൊരു നേരത്തു
വട്ടം കറങ്ങിത്തിരിഞ്ഞുകൊണ്ടു്
പെട്ടന്നാ വഞ്ചിയോ നിശ്ചലമായ്നിന്നു
കഷ്ടമേ വലയുമുടക്കിപ്പോയോ?
അനുകൂലമായ് കാററു വീശുമ്പോൾളേവനും
ആനന്ദദായകം കല്പനകൾ!
വൈഷമ്യമേറുന്ന കല്ലോലമാലകൾ
ദൃഷ്ട്യമായ് തല്ലിയുലച്ചിടുമ്പോൾ
ശാന്തമായ് വഞ്ചി നയിച്ചു മുന്നേറിയാൽ
ജീവിതയാത്ര സുഗമമായി.

* * *

എന്തോ മഹാത്ഭുതം സംഭവിക്കുന്നതിൻ
നാന്ദി എന്നോണം ജലമിളകി!
ആവോളം യത്നിച്ചും ആഞ്ഞു വലിച്ചിട്ടും
ആ വല വഞ്ചിയിലേറിയില്ല
ബാലക്കരശ്മിയിൽ തിങ്ങിത്തിളങ്ങുന്നു!
എന്തെന്തു? സ്വപ്നമോ? അത്ഭുതമോ?
കണ്ണു കുളിക്കവെ കണ്ടൊരീ കാഴ്ചയാൽ
ദണ്ഡമകന്നവർക്കാനന്ദമായ്
പത്രോസിൻ മീൻവല മത്സ്യത്തിൻ പാച്ചിലാൽ
തീർത്തും തകർന്നുപോമെന്ന മട്ടായ്
ഉള്ളം നിറഞ്ഞവർ കൂകിവിളിച്ചുമ–
റുള്ളൊര മുക്കവന്മാരെയെല്ലാം
തീരത്തു നിന്നവർ വഞ്ചിയിലേറിട്ടു
പൂരിതമോദത്താൽ പായിച്ചെത്തി
വള്ളക്കാരായുള്ള മുക്കവന്മാരെല്ലാം
വെള്ളപ്പരപ്പിലണിനിരന്നു.

ഒന്നുചേർന്നോവരും നന്നായി യത്നിച്ചു
പത്രോസിൻ തോണിയിലേററി മത്സ്യം!
'ചടുപടെ' പിടയ്ക്കുന്ന മത്സ്യസമൂഹത്താൽ
ഞൊടിയിട കൊണ്ടിരു വഞ്ചികളും
ആകെ നിറഞ്ഞിട്ടാ കടലിലാ പടവുകൾ
പാടെ മറിയുന്ന മട്ടിലായി
പാരിച്ചൊരീ മത്സ്യപ്പാലാഴി പോലൊന്നു
പാരില മുക്കവർ കണ്ടിട്ടില്ല.
സർവ്വചരാചര സൃഷ്ടിസംരക്ഷകൻ!
സർവ്വേശൻ, ആരാധ്യൻ, പരമശക്തൻ,
സർവ്വതും വീക്ഷിച്ച വഞ്ചിതൻ തുഞ്ചത്തു
നിർവ്യാജൻ, നിശ്ചേഷ്ടനായിരിപ്പു
കന്മഷഹീനൻതൻ വഞ്ചിയിൽ ചെയ്‌വതിൽ
സമ്മോദം പ്രാപിച്ച പത്രോസപ്പോൾ
എങ്ങിനെ നന്ദിതാൻ പ്രത്യക്ഷമാക്കേണ്ടു
തിങ്ങിത്തുടിക്കുന്ന ഹൃത്തിനുള്ളിൽ
അങ്ങുന്നു രാജാധിരാജനാമീശ്വരൻ
ഇങ്ങിവൻ സാധുവാം മുക്കവനും
എന്തിനി ചെയ്യേണ്ടു? എന്തൊന്നുരയ്ക്കേണ്ടു
ചിന്തയിലൊന്നുമുയരുന്നില്ല!
സന്തോഷംകൊണ്ടവൻ സന്തപ്തചിത്തനായ്
ശാന്തസ്വരൂപനൊ ശാന്തൻ തന്നെ
സാഷ്ടാംഗം വീണു നമിച്ചു തൻ പാണികൾ
സൃഷ്ടാവിൻ തൃമടി ചേർത്തു ചേർന്നു
ശിഷ്ടനാം താതനെ ഓമൽശിശു തുല്യം
ഒട്ടുനേരം നോക്കി നിശ്ചേഷ്ടനായ്
കണ്ണു നിറഞ്ഞപ്പോൾ കവിഞ്ഞോലും സ്നേഹത്താൽ
മന്ദമുരച്ചവൻ ഭീതിയോടെ
എന്നിൽനിന്നങ്ങകന്നീടണേ സൽഗുരോ.
ഉന്നതാ ഞാനൊരു പാപിയല്ലോ

വൻപാപിയാമെൻെറ സമ്പക്മാലിന്യം
എൻ പോററിയേൽക്കാതകന്നിടണേ.''
അമ്പിയന്നാദരാൽ തൃക്കൺ പാത്തേശുവാം
തമ്പുരാൻ സാധുവാം മുക്കവനെ
ത്തുമന്ദഹാസമാം പൂന്തേൻ നിലാവതു
ത്തുമയായ് ത്തൂകിയ പൂണ്ണചന്ദ്രൻ
ശീമോൻെറ ഭീതമനസ്സാം നഭസ്സിലേ
ഭീകരക്കൂരിരുരം പാടെ മാററി.
തന്മടി തന്നിലണച്ച കരമലർ
ചെമ്മേയെടുത്തേശു സ്നേഹാർദ്രനായ്
സൃഷ്ടിയിലാകെപ്പരിമളം നിർലോഭം
സ്പഷ്ടമായ് ചിന്തിയവാനശില്പി
ചേറുപുരണ്ടോര മുക്കവശ്രേഷ്ഠനെ
ക്കൂറോടനുഗ്രഹിച്ചാശ്ലേഷിച്ചു.
ശാന്തമായ് വീക്ഷിച്ചു, ശിഷ്യപ്രമാണിയേ
ശാന്തസ്വരൂപനാമേശുനാഥൻ
ഭീതിയാൽ ചിത്തം ചകിതമായ്തീർന്നൊരാ
സാധുവിന്നാശ്വാസമേകിട്ടേവം
കത്താവരുരംചെയ്തു 'ഭാവിയിൽനിൻവഞ്ചി
മർത്ത്യരാം മത്സ്യത്തേ സഞ്ചയിക്കും
നീയും നിൻ നൈയ്യാമികാനന്തരന്മാരും
നീരന്ധ്രമീനൗക നയിച്ചീടുക.''
രണ്ടായിരത്തോളമാണ്ടുകഴിഞ്ഞിട്ടും
ചണ്ഡാപൽഘട്ടങ്ങളുണ്ടായിട്ടും
പത്രോസിൻ വഞ്ചിയിന്നഞ്ചല ശക്തിയാൽ
വർത്തിപ്പൂ, വർദ്ധിത തേജസ്സോടെ!
ഇപ്പോളി തോണി നയിപ്പാൻ നിയുക്തനാ
പാപ്പായാം പോരതിരുമേനിയല്ലോ
ക്ഷോണിയിൽ സത്യപ്രകാശം പരത്തുമീ
മാണിക്യമഞ്ജു ദീപം ജയിക്ക!!

## 18. വനിതാസോളമന്റെ മുദ്രാവാക്യം

യാതൊന്നുംനിന്നെക്കലക്കാതിരിക്കട്ടെ;
ഭീതിയലട്ടാതിരിക്കട്ടെന്നും;
നശ്വരമാണിങ്ങീപ്പാർത്തട്ടിലേതൊന്നും;
ശാശ്വതൻ ഈശ്വരൻ! നിത്യസത്യം
ശാന്തനിരന്തരയത്നത്താലേവനും
നേടിടാമേതൊന്നുമെന്നുമെങ്ങും
ദൈവത്തെക്കൊണ്ടേവൻ സംതൃപ്തനാകുമോ
ആവേശമൊന്നിലുമില്ലവന്
മുട്ടുപാടില്ലവനേതിലുമെന്നെന്നും
തുഷ്ടനാണായവനീശപുത്രൻ

---

പണ്ഡിതയും, വിശുദ്ധയും, വേദപരാംഗതയും, കർമ്മൽ സഭയുടെ നവീകരണക്കാരിയുമായ ആവിലായിലെ അമ്മത്രേസ്യാ, വനിതാസോളമൻ എന്ന അപരനാമത്താൽ അറിയപ്പെടുന്നു. അവൾ മരിച്ചിട്ട് നൂററാണ്ടുകൾ കഴിഞ്ഞിട്ടും, അവളുടെ കീർത്തി ധാവള്യവും ജീവിത മാതൃകയും ഇന്നും ലോകത്തിനു മാർഗ്ഗനിർദ്ദേശം നൽകുന്നു. സുന്ദരിയും കുശാഗ്രബുദ്ധിയുമായിരുന്ന അവൾ ഇന്നത്തേ പല യുവതിടമ്പുകളുടേയും ചാപല്യങ്ങളിലേയ്ക്കും, വഴിപിഴച്ച പാച്ചിലുകളിലേയ്ക്കും വഴുതിവീണിട്ടുണ്ടെങ്കിലും പിടച്ചെഴുന്നേററ് ഈശ്വര കരുണയിലാശ്രയിച്ച് സ്വയം പരിത്യജിച്ച്, ആർഭാടതയെ വലിച്ചെറിഞ്ഞ്, അലൗകിക അക്ഷയാനന്ദത്തിന്റെ അത്യുച്ചിയിലെത്തിച്ചേർന്നു. അധഃപ്പതിക്കുന്ന ഇന്നത്തേ ലോകത്തേയും അവൾ നന്മയിലേയ്ക്കാകർഷിക്കുന്നു.

# 19. ഉദിച്ചു....ഉയർന്നു....അസ്തമിച്ചു

സ്നേഹസംപൂജ്യാചാര്യൻ 'സ്കൂട്ടറിൽ കാണാമെങ്ങും'
പട്ടണഹൃദന്തത്തെക്കവർന്ന പ്രിയങ്കരൻ
ആംഗലവിജ്ഞാനത്തിനുതകും മനോജ്ഞമാം
വിദ്യപീഠങ്ങളെത്ര ശ്രീകാര്യത്തുയത്തിന്നു്
പട്ടണമാർത്തട്ടിലാസെൻറ് ജോസഫ് വിദ്യാലയം
'കേഡർസ്കൂളെ'ന്നപേരിൽ താണൊരു കാലത്തല്ലേ
ഏറെറടുത്തതിൻഭാരം, നിഷ്ഠയിൽനയിച്ചപ്പോൾ
മങ്ങാത്ത ദീപങ്ങളായ് ച്ചമഞ്ഞ ച്ചട്ടമ്പികൾ.
സ്ഥാനമാനങ്ങൾപണ്ടേ ത്യജിച്ച വൈദികനെ
കീർത്തിയും പ്രതാപവും മകുടം ചൂടിമേന്മേൽ
സേവനം വിശിഷ്ടമാണേതൊരു തലത്തിലും
'നാഷനലവാർഡ'ും നേടിയാഗുരുഭ്രതൻ!
കുഞ്ചെറിയാച്ചനെന്ന നാമമാനാട്ടിലെല്ലാം
മാറെറാലിക്കൊള്ളുന്നൊരു സുവർണ്ണകാലത്തെത്തി
വന്നൊരു ദുഷ്പ്രഭാതം! സ്കൂട്ടറിൽ പായുന്നച്ചൻ!
എങ്ങോട്ടോപോകുന്നതിൽ അന്ത്യംതാൻഗ്രഹിക്കുന്നോ....!
കാലനുമട്ടത്തെത്തി, ബസ്സൊന്നിലേറി ശീഘ്രം
ശിരസ്സിലടിച്ചിട്ടാത്തെരുവിൽ മറിച്ചിട്ടു!!!
ആരോഗ്യം ക്ഷയിച്ചില്ല; വാർദ്ധക്യം ബാധിച്ചില്ല;
ഉന്മേഷം വെടിഞ്ഞില്ല; മാനസം തളർന്നില്ല;
ആത്മദാഹങ്ങളേതും മറഞ്ഞില്ലന്നോളവും
വിശ്രമരഹിതമാമദ്ധ്വാനം നിലച്ചല്ലോ
കേരളതലസ്ഥാന നഗരഹൃദന്തത്തിൽ
പ്രേതമഞ്ചത്തിലതാ ഗാഢനിദ്രയിലാണ്ടു!
തായയും, മന്ത്രി, മിത്രർ, 'സോദരർ' ബന്ധുക്കളും
വിദ്യാർത്ഥിവൃന്ദങ്ങളും കണ്ണീരിൽ തിങ്ങിക്കൂടി
ചൈതന്യം തിളങ്ങിയ നേത്രങ്ങൾ തുറക്കുമോ?

ആനന്ദം പകന്നിടും മുധുവാക്കരസ്സുമോ?
പുഞ്ചിരി തഞ്ചാനിനി ചന്ദ്രനിങ്ങുദിക്കുമോ?
രോഗമൊട്ടലട്ടാത്ത കായവും ചലിക്കുമോ?
മാതൃഗേഹത്തിൽ ഞങ്ങളുണ്ണികളെത്തും നാളിൽ
പൊന്നോണംതന്നെ പിന്നെ, ഓമൽക്കിടാക്കൾക്കെന്നും
മാമ്പഴംതേടിപ്പാഞ്ഞും, മണ്ണുകൊണ്ടപ്പംചുട്ടും
ഊഞ്ഞാലിലാടിപ്പാടിട്ടാനന്ദം നുകർന്നല്ലോ.
യൗവ്വനം വിരിഞ്ഞപ്പോളാശകൾ തളിർത്തപ്പോൾ
സമ്പത്തും സൗഭാഗ്യവും വെടിഞ്ഞല്ലോ മൽസുതൻ!

* * *

വേർപാടിൻ ഖേദമുള്ളിൽ തട്ടിയതകറ്റുവാൻ
ആഗതനായല്ലൊരു വൈദികനാൾത്താരയിൽ!!

* * *

പൂഴിമൺകുമ്പാരത്തിൽ 'തുമ്പയി'ലെത്തുന്നെൻറ
'കുഞ്ചമ്മേ!' നീറുംമനം; പ്രാർത്ഥിക്കുന്നനാരതം!

BALBHAVAN & CHILDREN'S LIBRARY KOTTAYAM.

---

മാതൃസഹോദരപുത്രൻ: ഫാദർ കുഞ്ചെറിയാ എട്ടുപറയിൽ S. J. 1974 മേയ് 13–ാം തീയതി തിരുവനന്തപുരത്തുവച്ച് സ്കൂട്ടറപകടത്തിൽ മൃതിയടഞ്ഞു.

**KOTTAYAM PUBLIC LIBRARY**

JAWAHAR BAL BHAVAN & CHILDREN'S LIBRARY

KOTTAYAM.

*Cl. No.* HA10 *Acc. No.* 5881

This book should be returned on or before the date last stamped below.

24 FEB

10 SEP .97

MA10 5881

MA10

സിസ്റ്റർ. ഹെം ക്ലാസിക്സ്

മലത്തും വഴ്യവും

5881